KOTTAYAM PUBLIC LIBRARY

Call No MAL Acc. No 12759

Author ചുരങ്ങോത്തമന് നമ്പൂതിരി. പി. കെ.

Title രാമാനന്ദം

BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

Secretary

D-12759

ഭാഷാനൈഷധം

(കാവ്യം)

1-ം, 2-ം സൎഗ്ഗങ്ങൾ.

പരിഭാഷകൻ

പി. എസ്സ് പുരുഷോത്തമൻ നമ്പൂതിരി.

ബി. വി. ബുക്ക്ഡിപ്പോ & പ്രിന്റിംഗ് വർക്സ്

തിരുവനന്തപുരം.

[പകൎപ്പവകാശം]

NATIONAL BOOK STALL ERNAKULAM SPCS LTD

NATIONAL BOOK STALL KOTTAYAM SPCS LTD

126[illegible]] [വില രൂ. 1

പ്രസാധകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിൎമ്മിതമാകുന്നു.

MA2

ആമുഖം

സാഹിത്യസമ്രാട്ടായ സാക്ഷാൽ ശ്രീഹർഷമഹാകവിയുടെ നൈഷധീയചരിതമഹാകാവ്യരസത്തെ ആസ്വദിച്ചിട്ടില്ലാത്ത സംസ്കൃതാഭിജ്ഞന്മാർ ലോകത്തിലില്ലെന്നു തീർച്ചയായിപ്പറയാം. ആശയപൌഷ്കല്യം, അർത്ഥപുഷ്ടി, അലങ്കാരചാതുര്യം, ആസ്വാദ്യമായ സ്വാരസ്യം, ആലോചനാമൃതമായ ഭാവഗാംഭീര്യം, അസാധാരണമായ ഗാഢനത്വം എന്നിവയെല്ലാം ഈ മഹാകാവ്യത്തിന്റെ പ്രത്യേകലക്ഷണങ്ങളാണു്. വിദ്വാന്മാരെപ്പോലും അർത്ഥഗ്രഹണത്തിൽ വിഷമിപ്പിക്കണമെന്നുള്ള വിചാരം കാവ്യകർത്താവിനുണ്ടായിരുന്നു എന്നു് അദ്ദേഹം തന്നെ സ്വയം സമ്മതിക്കുന്നുമുണ്ടു്. ഗ്രന്ഥാവസാനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

ഭാ:—ഗ്രന്ഥഗ്രന്ഥിയിടയ്ക്കിടയ്ക്കിതിൽ മനഃ-
പൂർവ്വം വരുത്തീ കട-
ന്നന്ധൻ പണ്ഡിതനെന്നൊരാച്ചിത്തു പഠി-
ച്ചേറെക്കളിച്ചീടൊലാ
സന്തോഷത്തോടു സജ്ജനം ഗുരുകടാക്ഷ-
ത്താൽ ദൃഢഗ്രന്ഥി സം-
ബന്ധം വിട്ടു രസോർമ്മിതന്നിൽ മുഴുകി-
സ്സൗഖ്യം ലഭിക്കും ദൃഢം.

ഇത്ര ഗംഭീരമായ ഒരു മഹാകാവ്യം സംസ്കൃതഭാഷാഭിജ്ഞന്മാരല്ലാത്ത മലയാളികൾക്കു വായിച്ചു രസിക്കുവാനുള്ള

ഭാഗ്യം ഏതാവൽപര്യന്തം ലഭിച്ചുകഴിഞ്ഞിട്ടില്ല. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, ഡാക്ടർ ഗോദവർമ്മ കോയിത്തമ്പുരാൻ മുതലായ പണ്ഡിതന്മാർ നൈഷധം കുറച്ചു പദ്യങ്ങൾ തർജ്ജിമ ചെയ്തിട്ടുണ്ടെന്നും പിന്നീടു് അതിൽനിന്നു വിരമിച്ചിട്ടുണ്ടെന്നും ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ടു്. ഈ കഴിഞ്ഞ 1100-ാമാണ്ടിടയ്ക്കു് ഞാൻ നൈഷധം പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ പരീക്ഷാർത്ഥമായി ചില പദ്യങ്ങൾ മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്കയും അവയെ ശിഷ്യന്മാർ ഹൃദിസ്ഥമാക്കുകയും ചെയ്തിരുന്നു. ഈ കൂട്ടത്തിൽ നൈഷധം ആദ്യം മുതൽ രണ്ടാംസർഗ്ഗം 31-ാമത്തു പദ്യംവരെ ഒരുവിധം തർജ്ജിമ ചെയ്കയുമുണ്ടായി. എന്നാൽ "കലശേ നിജഹേതുദണ്ഡജഃ" എന്ന അടുത്ത പദ്യം ഭാഷാന്തരീകരിക്കാൻ വളരെ പ്രയാസപ്പെട്ടതു നിമിത്തം നിരാശനായി അതിൽനിന്നു വിരമിക്കയാണുണ്ടായതു്.

ആയിടയ്ക്കു് ഒരിക്കൽ ക്യാററൻ വടക്കുംകൂർ രാജരാജവർമ്മതമ്പുരാനവർകൾ എൻെറ ഇല്ലത്തു വരികയുണ്ടായി. സാഹിത്യപരമായും മററും അപ്പോൾ സംഭവിച്ച പരസ്പരസംഭാഷണങ്ങൾക്കിടയ്ക്കു് സംഗതിവശാൽ ഭാഷാനൈഷധത്തെപ്പററി ഞാൻ കുറഞ്ഞൊന്നു സംസാരിക്കുകയും ചില പദ്യങ്ങൾ ചൊല്ലിക്കേട്ടശേഷം തർജ്ജിമ ചെയ്തിടത്തോളം ഭാഗം കൈയെഴുത്തുപ്രതി അദ്ദേഹം വാങ്ങിച്ചുകൊണ്ടുപോവുകയും ഏതാനും ദിവസങ്ങൾക്കു ശേഷം ആ ബുക്കു് അടിയിൽ ഉദ്ധരിക്കുന്ന എഴുത്തോടുകൂടി തിരിയെ അയച്ചുതരികയും ചെയ്തു. ആ എഴുത്തു് ഇപ്രകാരമാണു്:—

"........ഭാഷാന്തരം മുഴുവൻ വായിച്ചുനോക്കി. ഈ നിലയിൽ ഉപരിഭാഗങ്ങളും ഭാഷപ്പെടുത്തണം. ഒട്ടും ശങ്കിക്കരുതു്. ഭാഷ വളരെ നന്നായിട്ടുണ്ടു്. അക്ലിഷ്ടമായും തോന്നുന്നു. മൂലം എഴുതീട്ടുള്ള സംസ്കൃതത്തിൻേറയും മലയാളത്തിൻേറയും പ്രൗഢതയും കാഠിന്യവും വിചാരിച്ചാൽ ഇത്രമാത്രം ഭാഷാന്തരം നന്നായതു് വിസ്മയജനകമായിരിക്കുന്നു. "പുരുഷോത്തമനായിട്ടുന്ന ലോകേശ്വരനാൽ" ഇത്യാദി പദ്യങ്ങൾ മൂലത്തിൻെറ വൈശിഷ്ട്യത്തെ സാമഗ്ര്യേണ വഹിക്കുന്നവയായിരിക്കുന്നു. ഭാഷാന്തരം ആപാദശിഖം എന്നെ വളരെ രസിപ്പിച്ചു എന്നു് ഹൃദയം തുറന്നു പറഞ്ഞുകൊള്ളുന്നു. ഈ നിലയിൽ ഈ കൃതി പൂൎത്തിയാക്കിയാൽ അതു ഭാഷയ്ക്കു വലിയൊരനുഗ്രഹമായിരിക്കും. നൈഷധം സംസ്കൃതസാഹിത്യത്തിന്റെ ഒരു പ്രത്യേക പ്രസ്ഥാനമാണു്. അതിൻെറ സൗരഭ്യത്തെ ഭാഷയേയും അറിയിപ്പിക്കേണ്ടതു് അത്യാവശ്യമാണു്. നൈഷധം സാധാരണ ഭാഷപ്പെടുത്തുകയാണെങ്കിൽ പല കുററങ്ങളും കുറവുകളും ഉണ്ടാകുവാനിടയുണ്ടു്. ആ വക കുറവുകൾ ഈ കൃതിയിൽ വളരെ കുറവാണു്. ധീരനായി ഈവിധം മുഴുവൻ ഭാഷപ്പെടുത്തണം എന്നു് ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു. വേറെ ഒന്നും ഭാഷയ്ക്കു വേണ്ടി ചെയ്തില്ലെങ്കിലും തരക്കേടില്ല......."

ഈ പ്രോത്സാഹനപത്രം 1101 ധനു 7-ാംനു- എഴുതീട്ടുള്ളതാണു്. സാഹിത്യരസികനും ഉത്തമകവിയും ഉൽകൃഷ്ടശീലനും ആയ തമ്പുരാനവർകളുടെ മേൽ ഉദ്ധരിച്ച എഴുത്തു് എൻെറ അലസതയെ ദൂരീകരിക്കുകയും

വീണ്ടും ഭാഷാന്തരീകരണത്തിന് എന്നെ പ്രേരിപ്പിക്കുകയും ചെയ്തതനുസരിച്ച് രണ്ടു വർഷംകൊണ്ട് ഇരുപത്തിരണ്ടും സർഗ്ഗവും ഭാഷാന്തരം ചെയ്തു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അവിടുത്തെ ആജ്ഞ അനുസരിച്ചാണ് ഭാഷാനൈഷധം കവനകൗമുദിമാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയത്. നാലഞ്ചു സർഗ്ഗമായപ്പോഴേയ്ക്കും ആ മാസികയുടെ പ്രസിദ്ധീകരണം നിർഭാഗ്യവശാൽ നിന്നുപോയതു നിമിത്തം ബാക്കി ഭാഗം പ്രസിദ്ധീകരിക്കുന്നതിന് ഇതുവരെ സംഗതി വന്നില്ല. ആ കാലത്ത് കവനകൗമുദിയിൽ ഭാഷാനൈഷധം വായിച്ചിട്ടുള്ള സ്നേഹിതന്മാരായ പല പണ്ഡിതന്മാരും എനിക്ക് അനുമോദനക്കത്തുകൾ അയച്ചുതന്നിട്ടുണ്ട്. അവയിൽ ശ്രീമാൻ ഉള്ളൂരിന്റെ അഭിപ്രായം ഇപ്രകാരമാണ്:

"........ഇതിലധികം തർജ്ജിമ നന്നാക്കുവാൻ ആരെക്കൊണ്ടും സാധിക്കുമെന്നു തോന്നുന്നില്ല. യാതൊരഭംഗിയും എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. മൂലവും അർത്ഥവിവരണവും ഇപ്പോൾ വേണമെന്നില്ല. നൈഷധത്തിന്റെ സ്വരൂപം ഇന്നതാണെന്നു സംസ്കൃതാനഭിജ്ഞന്മാർ ആദ്യം ഒന്നു മനസ്സിലാക്കട്ടെ. ഇപ്പോൾ പൃച്ഛിക്കാനും ശകാരിക്കാനുമായിരിക്കും പലർക്കും വാസന.

"അദോഷതാമേവ സതാം വിവൃണ്വതേ
ദ്വിഷാം മൃഷാരോപകണാധിരോപണാഃ"

എന്നു ശ്രീഹർഷൻതന്നേ പറഞ്ഞിട്ടുണ്ടല്ലോ. നമ്പൂതിരിയുടെ വശ്യവചസ്സ്വത്തെയും ഭാഷാന്തരീകരണപാടവത്തെയും എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുന്നതല്ല

എന്നാണു് തർജ്ജിമ വായിച്ചപ്പോൾ എനിക്കു തോന്നിയതു്......." ഭാഷാനൈഷധത്തിന്റെ പ്രസിദ്ധീകരണം സംബന്ധിച്ചു് ഒരിക്കൽ ശ്രീമാൻ വള്ളത്തോളിനു് അയച്ച എഴുത്തിനു കിട്ടിയ മറുപടിയിൽ പറഞ്ഞിട്ടുള്ള വാചകങ്ങളിൽ ചിലതിനെക്കൂടെ ഇവിടെ ഉദ്ധരിക്കുന്നു. "........നൈഷധമഹാകാവ്യത്തിന്റെ തർജ്ജിമ കവനകൗമുദിയിൽ കണ്ടിട്ടുണ്ടു്. ചില ശ്ലോകങ്ങൾ ഞാൻ വായിച്ചിട്ടുമുണ്ടു്. അത്രയും പ്രൗഢവും അത്രയും അർത്ഥബഹുലവും ആയ ശ്രീഹർഷകൃതിയെ അങ്ങു് ഇത്തരത്തിൽ വിവർത്തനം ചെയ്തതിൽ എനിക്കു സന്തോഷം മാത്രമല്ല ആശ്ചര്യം കൂടി തോന്നുന്നു. അങ്ങയുടെ മഹത്തായ പരിശ്രമത്തിന്റെ ഫലം കേരളീയർക്കു പരക്കെ ആസ്വാദ്യമാക്കിത്തീർക്കുകതന്നെ വേണം. തർജ്ജിമ തീർച്ചയായും പുസ്തകമാക്കണം. ശ്രീഹർഷന്റെ ആശയം ഒരു തനി മലയാളിക്കു മനസ്സിലാക്കുവാൻ സൗകര്യം കിട്ടുക എന്നതു് ഒരു ചെറിയ ഭാഗ്യമാണോ? പുസ്തകത്തിൽ മൂലം ചേർക്കണമെന്നു് ഇനിക്കു് അഭിപ്രായമില്ല. അവശ്യമുള്ളേടത്തു ടിപ്പണി ചേർക്കണം. അങ്ങയുടെ സാഹിത്യസംരംഭത്തിനു സൗഭാഗ്യം ആശംസിക്കുന്നു..........."

ഇതുപോലെതന്നെ പണ്ഡിതർ ഈ. വി. രാമൻ നമ്പൂതിരി, പി. കെ. നാരായണപിള്ള ബി. എ. ബി. എൽ., നടുവത്തു മഹൻനമ്പൂതിരി മുതലായ പല സഹൃദയന്മാരും അനുമോദനപത്രങ്ങൾ അയച്ചുതന്നിട്ടുണ്ടു്. ഈ ചെറിയ ആമുഖത്തിൽ അവയെല്ലാം ഉദ്ധരിക്കാൻ സാധിക്കാതെവന്നതിൽ വ്യസനിക്കുന്നു. ഏഴെട്ടു കൊല്ലം

മുമ്പുതന്നെ നൈഷധീയചരിതമഹാകാവ്യത്തിന്റെ ഇരു പത്തിരണ്ടുസർഗ്ഗവും ഭാഷാന്തരം ചെയ്തുകഴിഞ്ഞു എങ്കിലും പുസ്തകരൂപത്തിൽ പൂർണ്ണമായി പ്രസിദ്ധീകരിക്കുവാനു ള്ള ഭാഗധേയം ഇനിയും ലഭ്യമായിട്ടില്ല. ആയിടയ്ക്കു് (1106-ൽ ആണെന്നു തോന്നുന്നു) ഇതിൽ ആദ്യത്തെ മൂന്നു സർഗ്ഗം മാത്രം വിദ്വാൻ പൂവണ്ണാൽ പത്മനാഭൻ നായർ, സ്വന്തം പ്രസാധകത്വത്തിൽ കുറച്ചു പ്രതികൾ മാത്രം അച്ചടിപ്പിക്കുകയും പൂർണ്ണമായ പ്രസിദ്ധീകരണ ത്തിനു വേണ്ടി ചില പരിശ്രമങ്ങൾ ചെയ്കയും ഉണ്ടായി ട്ടുണ്ടു്. പക്ഷേ ആ സുഹൃത്തിന്റെ കാലനിര്യാണം നിമിത്തം ബാക്കി ഭാഗം അച്ചടിപ്പിക്കുവാൻപോലും പിന്നീടു സാധിച്ചില്ല.

ഇതിൽ മൂലശ്ലോകവും തർജ്ജിമയും ടിപ്പണവുംകൂടി ചേർത്തു് അച്ചടിപ്പിക്കുന്നതു നന്നായിരിക്കുമെന്നു് പല സഹൃദയന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. അങ്ങിനെയാ കുന്നപക്ഷം ഉദ്ദേശം ഡമ്മി എട്ടിൽ 120 ഫാറം വരു വാനും 5-ക. യിൽ കുറയാതെ വില വീഴുവാനും സംഗ തിയുണ്ടു്. അപ്പോൾ വലിയ തുക കൊടുത്തു പുസ്തകം വാങ്ങുന്നവർ ചുരുക്കമായിരിക്കുന്നതും പ്രസാധകന്മാർക്കു വളരെ നഷ്ടത്തിനും നിരാശയ്ക്കും ഇടയാകുന്നതുമാണല്ലോ. തർജ്ജിമയ്ക്കു് എന്റെ ഉദ്ദേശംപോലെയുള്ള ഗുണങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലെങ്കിലും നളകഥാപാരായണം കലിദോഷപരിഹാരമാണെന്നുള്ള അഭിയുക്തോക്തിയെ മാത്രം അവലംബിച്ചാണു് ഈ പുസ്തകത്തെ അച്ചടിപ്പിച്ചു പ്രസിദ്ധീകരിക്കാമെന്നു ഞാനാശിച്ചതു്. സംസ്കൃതാഭിജ്ഞ

ന്മാക്കു പോലും മൂലശ്ലോകത്തിന്റെ അത്ഥവും ആശയവും സുഗ്രഹമല്ലാതിരിക്കുമ്പോൾ അതിന്റെ മലയാളവും അപ്രകാരം ഗഹനമായിരിക്കുവാനാണ് അധികന്യായം. എങ്കിലും കഴിയുന്നത്ര ഭാഷയാക്കുവാൻ ശ്രമിക്കുകയും അത്യാവശ്യമുള്ളേടത്തു് ടിപ്പണം ചേക്കുകയും ചെയ്തിട്ടുണ്ടു്.

സാഹിത്യചരിത്രത്തിലെ മഹാകാവ്യകാലം. കഴിഞ്ഞിരിക്കുന്ന ഈ ഘട്ടത്തിലാണ് ഭാഷാനൈഷധമഹാകാവ്യത്തിന്റെ ആവിർഭാവം. ഇതു് എത്രത്തോളവും പ്രയോജകീഭവിക്കുമെന്നുള്ളതു് കണ്ടുതന്നെ അറിയേണ്ടതാണ്. പൂവ്വികങ്ങളായ മഹാകാവ്യങ്ങൾ സാവധാനത്തിൽ വായിച്ചു മനസ്സിലാക്കുവാനുള്ള പാണ്ഡിത്യമോ പരിചയമോ ക്ഷമാശീലമോ ഉള്ളവർ ഇന്നു് വളരെക്കുറവായിരിക്കുന്നു. വെറും നാൽക്കാലികളായ കവിതകൾ പണ്ഡിതന്മാക്കും പാമരന്മാക്കും മുമ്പുതന്നെ അരോചകജനകങ്ങളാണ്. എന്നാൽ ഇന്നു് ഒരുതരം ഇരുകാലികൾ മലയാള സാഹിത്യരംഗത്തിൽ നിരാകുശമായി നടനമാടുന്നുണ്ടു്. ഇങ്ങിനെയുള്ള കൃതികളെയാണ് ആധുനികന്മാർ അധികവും ആരാധിച്ചുവരുന്നതും. സംസ്കൃതവൃത്തത്തിലുള്ള കവിതകൾക്കുതന്നെ ഇന്നാരിടത്തും സ്ഥാനമില്ല. അതുതന്നെ വലിയ വർണ്ണനയും ഗഹനതയും ആശയഗാംഭീര്യവും ഉള്ളതായിരുന്നാലത്തെ കഥ പറയുവാനുമില്ലല്ലോ.

ഇപ്രകാരമുള്ള മഹൽഗ്രന്ഥങ്ങളെ യഥാകാലം പ്രസിദ്ധീകരിക്കുന്നതിനും ഗ്രന്ഥകാരന്മാക്കു വേണ്ട പ്രോത്സാ

ഹനങ്ങൾ നൽകുന്നതിനും ഉള്ള സ്ഥാപനങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. നമ്മുടെ ഗവമ്മെൻേറാ സാഹിത്യ പരിഷത്തോ ഈ ന്യൂനതയ്ക്കു് വല്ല പരിഹാരവും ഉണ്ടാക്കുന്നതു നന്നായിരിക്കും. നൈഷധംപോലെ ഗംഭീരമായ ഏതു കാവ്യവും തജ്ജിമചെയ്യുവാൻ പ്രയാസമില്ലെന്നിനിക്കിപ്പോൾ തോന്നുന്നു. എന്നാൽ അങ്ങിനെയുള്ള മഹൽഗ്രന്ഥങ്ങൾ അച്ചടിക്കാനും പ്രസിദ്ധീകരിക്കാനുമാണു് പ്രയാസമേറിയിരിക്കുന്നതെന്നു് എൻെറ അനുഭവംതന്നെ തെളിയിക്കുന്നു.

"ബോദ്ധാരോ മത്സരഗ്രസ്താഃ പ്രഭവഃ സ്മയദൂഷിതാഃ
അബോധോപഹതാശ്ചാന്യേ ജീർണ്ണമംഗേ സുഭാഷിതം"

എന്നാണല്ലോ ഭത്തൃഹരിവചനം. മഹാകാവ്യങ്ങളിൽ വച്ചു് ഗ്രന്ഥബാഹുല്യംകൊണ്ടും ആശയഗാംഭീയ്യംകൊണ്ടും മഹത്തായ ഈ ശ്രീഹഷകൃതിയുടെ മലയാളവിവത്തനം വളരെ പ്രയാസമുള്ളതാണു്. അജ്ഞതകൊണ്ടോ അവിവേകംകൊണ്ടോ ഈ സാഹസകമ്മത്തിനു് ഞാൻ സന്നദ്ധനായി. നിരന്തരമായ കായ്യാന്തരപാരതന്ത്ര്യംനിമിത്തം അസ്വാസ്ഥഹൃദയനാണെങ്കിലും ആരംഭിച്ച കായ്യത്തെ യഥാവസരം തുടൻകൊണ്ടുപോകയും മൂന്നുചിലപാനം വഷംകൊണ്ടു് ഈ രീതിയിലെങ്കിലും ഭാഷാന്തരം പൂത്തീകരിക്കയും ചെയ്യുവാനുണ്ടായിട്ടുള്ളതു്. ഇതു് പുനഃപരിശോധന ചെയ്കയോ ഭാഷ കഴിയുന്നത്ര നന്നാക്കുവാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ല എന്നു് ഒരു ന്യൂനതയിവിടെയുണ്ടു്. എന്നാൽ ഇതു് എൻെറ എല്ലാ കൃതികളേയും മിക്കവാറും ബാധിക്കുന്നതാകയാൽ ഭാഷാ

നൈഷധത്തിനു മാത്രം അതൊരു ദോഷമായിരിക്കയി ല്ലെന്നു വിശ്വസിക്കുന്നു.

ഈ പുസ്തകം ഒന്നായി പ്രസിദ്ധീകരിക്കണമെന്നാണു് ആദ്യം വിചാരിച്ചിരുന്നതു്. പ്രതീക്ഷിച്ചിരുന്ന പ്രകാരമുള്ള പരിതഃസ്ഥിതികൾ അനുകൂലമല്ലാതെ പരിണമിക്കയും "പത്മഭ്രാന്ത്യാ ക്ഷുധിതമധുപഃ പുഷ്പമധ്യേ പപാത സ്ഥാതും ഗന്തും ദ്വയമപി സഖേ നാലമാസീത് സമർത്ഥഃ" എന്ന രീതിയിലുള്ള ധർമ്മസങ്കടത്തിലകപ്പെട്ടുകയും ചെയ്തതു നിമിത്തമാണു് ഇപ്പോൾ ഈ ആദ്യത്തെ ഏഴു സർഗ്ഗം മാത്രം കൈരളീദേവിക്കു കാഴ്ച വയ്ക്കുവാൻ സംഗതിയായതു്. സാഹിത്യപ്രണയികളായ മഹാജനങ്ങൾ അനുകൂലിക്കുകയും അനുമോദിക്കുകയും ഭാഷാനൈഷധത്തിന്റെ പ്രഥമഖണ്ഡികയെ സസന്തോഷം സ്വീകരിച്ചു സഹായിക്കുകയും ചെയ്യുന്നപക്ഷം ബാക്കിയുള്ള പതിനഞ്ചുസർഗ്ഗവും ടിപ്പണവും രണ്ടും മൂന്നും നാലും വാല്യങ്ങളായി പിന്നാലെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കുമെന്നുകൂടി ഇവിടെ പറഞ്ഞുകൊള്ളുന്നു.

"പുരാണമിത്യേവ ന സാധു സർവം
ന ചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരദ് ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ"

എന്നുള്ള കാളിദാസവചനവും ഇവിടെ സ്മരണീയമാകുന്നു. ഏതായാലും ഭാഷാനൈഷധത്തിന്റെ ഒന്നാംഭാഗം പ്രസിദ്ധീകരിക്കുന്നതോടുകൂടിത്തന്നെ ബാക്കി ഭാഗങ്ങളും പിന്നാലെ അച്ചടിപ്പിച്ചു കൈരളീദേവിക്കു് ഉപഹരിക്കാമെന്നു്

ആശിച്ചുകൊണ്ടു് ഭാഷാഭിമാനികളായ എല്ലാ സഹൃദയന്മാരുടേയും ദയാപൂർവ്വമായ ഔദാര്യത്തെ പ്രതീക്ഷിക്കുന്നു.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണവിഷയത്തിൽ ആദ്യം വേണ്ട പ്രോത്സാഹനങ്ങൾ നൽകിയ ശ്രീമാൻ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾക്കും വളരെ താമസിപ്പിച്ചിട്ടെങ്കിലും ഭംഗിയായി അച്ചടിപ്പിച്ചു തന്ന കമലാലയപ്രസ് മാനേജർ അവർകൾക്കും പ്രൂഫ് നോക്കുന്ന വിഷയത്തിലും മററും എല്ലാ സഹായങ്ങളും ചെയ്തുതന്നിട്ടുള്ള വേപ്പാട്ടു് കെ. അച്യുതവാര്യർ, പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി എന്നീ സഹൃദയന്മാർക്കും ഹൃദയപൂർവ്വം കൃതജ്ഞതയെ പ്രദർശിപ്പിച്ചുകൊണ്ടു് ഈ പുസ്തകത്തെ മഹാജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ചെങ്ങന്നൂർ
4—2—1114

എന്നു്, പരിഭാഷകൻ,
P. S. P. Nampoodiri.

വിഷയാനുക്രമണിക.

(ഭാഷാന്തരം)

കവികളിലുൽക്കൃഷ്ടം ചേ-
ത്തവികലമനവദ്യഹൃദ്യമൊഴി തൂകും,
അവിബുധധിഷ്ഠിമുദന്വിത-
നവനാംശ്രീഹർഷദേവകവി വെൽക.

സർഗ്ഗം 1

ചൊൽക്കൊള്ളും ഭൂപനുണ്ടായ് നളനനലസമൻ;
തന്നിൽ വൈദർഭി രാഗം
കൈക്കൊണ്ടാൾ; പ്രേമമേവം ഗുണരുചിമടവാർ-
തന്നിലും; പിന്നവൻ താൻ
വായ്ക്കും വേർവാടിലന്നാളുപവിപിനവിനോ-
ദത്തിനായ് പോയ്, കരത്തിൽ
ചേർക്കും പൊന്നന്നമേന്തും വ്യഥയിലലിവിയ-
ന്നാശു മോചിച്ചു ധീരൻ.

സർഗ്ഗം 2

"ഞാനാ വൈദർഭി നിന്നിൽ പ്രിയത പെരുകുമാ-
റാക്കിടാം ശക്രനേയും
താനാരാൽ തള്ളുമാറെ"ന്നപകൃതി കരുതി-
ച്ചൊല്ലുമാക്കല്യനോടായ്
ഭൂനാഥൻ വേഗ"മെന്നാലിതിനു തുനിക"യെ-
ന്നോതിയപ്പോളം പറന്ന-
ന്നൂനാനന്ദം നിരീക്ഷിച്ചുപവനമതിലാ-
ബ്ഭൈമിയേ ഭീമഭൂവിൽ.

സർഗ്ഗം 3

"വന്നാലും ഭൈമി!യീ ഞാനൊരു പറവി, നള-
സ്നേഹിയാണൊക്ക, മത്തു-
ണ്ടെന്നാലോ നീ വരിച്ചീടുക നളനെ മറ,"-
യ്യെന്നു ചൊല്ലും ഖഗേന്ദ്രൻ;
"നന്നായെൻവേളി ചെയ്യുന്നതിനവനൊടുര-
യ്ക്ക"ന്നു വൈദർഭിതൻ വാ-
ക്കൊന്നാകെകേട്ടടൻ പോയ് നളനൊടരുളിനാൻ
സിദ്ധിയെബ്ഭ്വാദമോദം.

സർഗ്ഗം 4

ദേഹം ക്ഷീണിച്ചു യോഗവ്യഥയൊടുഡുപനെ-
ത്തന്നെ നിന്ദിച്ചു താപ-
വ്യൂഹത്താൽ വാടൽ തേടും പുതുമലർവിരിയിൽ-
ക്കേണുവീണാവരാംഗി
മോഹിച്ചാൾ; തോഴിമാർതൻ കളകളനിനദം
കേട്ടടൻ വന്നുകണ്ടാ-
സ്നേഹത്തോടോതി ഭീമൻ "പതിയൊടുടനെ ഞാൻ
ചേർത്തിടാം നിന്നെ"യെന്നായ്.

സർഗ്ഗം 5

അക്കാലം നാരദൻ ചൊന്നുപയമമിതറി-
ഞ്ഞിന്ദ്രനിന്ദ്രാണി കാട്ടും
ധിക്കാരം കണ്ടു ദിക്പാലകരൊടുമൊരുമി-
ച്ചെത്തി പൃഥ്വീതലത്തിൽ
"ചിക്കെന്നെൻദൂതനായ് താനൊരുവരുമറിയാ-
തങ്ങു പോയ് ഭൈമി നമ്മേ
കൈക്കൊള്ളുംവണ്ണമെല്ലാമരുൾക നള! ഭവാ"-
നെന്നു വഞ്ചിച്ചയച്ചാൻ.

സർഗ്ഗം 6

ശിഷ്ടൻ ലോകൈകകട്ടശ്യാത്മകനധികമട്ട-
ശ്യാംഗനായ് കക്ഷ്യയേഴും
വിട്ടന്നാൾ ഭൈമി വാഴും മഹിതമണിഗൃഹം-
തന്നിലെത്തി ക്ഷണത്തിൽ
സ്പഷ്ടം ഗീർവാണദൂത്യുക്തികളിഹ നിരസി-
ച്ചീട്ടമാ ഭീമഭ്രുവിൻ-
മട്ടോത്തപ്പോൾ സ്വദൗത്യാവശതയിലുമവൻ
വീർത്തുപോൽ പേർത്തുമേററം.

സർഗ്ഗം 7

അത്യന്തം ചിത്രമാകും രസജലനിധിതൻ-
കോളിനുള്ളിൽ പതിച്ചി-
ട്ടത്യർത്ഥം ഭൈമിയെപ്പിന്നടിമുടി മുഴവൻ
വാഴ്ത്തി വർണ്ണിച്ച വീരൻ
പ്രത്യക്ഷപ്പെട്ടനേരം, സഖികൾ സകുതുകം
നിൽക്കവേ, വ്യക്തമായ് തൽ-
പ്രത്യംഗപ്രൗഢി കണ്ടിട്ടവൾ സരസമിതാ-
രെന്നു താനേ നിനച്ചാൾ.

സർഗ്ഗം 8

"ബാലേ! നീതന്നെ ധന്യാഗ്രണി, സുരവരർതൻ-
ദൂതനീ ഞാൻ, സുരേന്ദ്രൻ
ചാലേ ചൊല്ലുന്നിതാശാവതികളൊടൊരുമി-
ച്ചിന്നു സന്ദേശമേവം
മാലെന്യേ ഞങ്ങളിൽതാനൊരുവനെ വരണം-
ചെയ്തു നന്ദിയ്ക്കു വാനിൽ
കാലേ പോകൊല്ല ചിത്തം നരനി"ലിതി കഥി-
ച്ചേററമുൾക്കാമ്പിളക്കീ.

സർഗ്ഗം 9

"ചിത്തം മുന്നേ നളസ്ഥം നഹി വിബുധരിൽ നീ-
യാരുതാൻ, ഹാ നലശ്രീ-
യുക്തൻ; മുഗ്ദ്ധേ! ത്യജിച്ചീടരുതു സുരരെ നീ"-
യെന്നായ്ക്കും നരേന്ദ്രൻ
അത്യന്തം ബാഷ്പമോലും സുമുഖിയൊ"ടയി! ഞാൻ
നൈഷധൻതന്നെ, ഖേദം
തീർത്താലും സഖ്"യെന്നാതിട്ടമളവു തെളി-
ഞ്ഞന്നവും വന്നു മുന്നിൽ.

സർഗ്ഗം 10

നന്ദിക്കും നൈഷധൻതൻനില പെരിയ വിവാ-
ഹോത്സവത്തിങ്കലിന്ദ്രൻ
മുന്നിട്ടാ നാലു ദിക്പാലകർ നളവടിവാർന്നെ-
ത്തി മദ്ധ്യേസമാജം
സന്നദ്ധാശേഷരാജസ്തുതികളരുളുവാൻ
വാണി ഭാവിച്ചിടുമ്പോൾ
മന്നന്മാർ മുന്നിൽവച്ചാസ്സുതയെയഥ വിളി-
ച്ചീടിനാൻ ഭീമഭൂപൻ.

സർഗ്ഗം 11

ഇന്നിക്കാണുന്നതെല്ലാം വിബുധ;രിവർ പരം
പാർക്കിൽ വിദ്യാധരന്മാർ;
പിന്നിദ്വീപാധിപന്മാരിവർ പെരികെ മഹ-
സ്സാർന്ന വെവ്വേറെ നില്പോർ;
നിന്നിഷ്ടംപോലെയീ യോഗ്യരിലൊരുവനിൽ നീ
മാല ചേർക്കെന്ന വാക്കാൽ
വഞ്ചിച്ചാകാംക്ഷയേറീടിലുമവൾ നളനെ-
ത്തന്നെ കാംക്ഷിച്ചു നിന്നാൾ.

സർഗ്ഗം 12

ഹാ മൂറവും പ്രാഭവപ്രൌഢികളുടയവരാം-
കാശ്യപീനാഥർ, നിന്നെ-
കാമിച്ചിങ്ങാഗതന്മാർ, കടൽവരെ മരുവും
വീരർ, കണ്ടാലുമെല്ലാം
നീ മറെറന്ന്യേ വരിയ്ക്കിന്നിതിലൊരുവനെന്നാ-
നുക്തിയാൽ മുൻനടക്കും
ഭൈമിക്കാഹന്ത കാണായ്‌ ചെറുചിരി ചെറുതു-
ഞ്ചാളെ മഞ്ചത്തിലൊപ്പം.

സർഗ്ഗം 13

ദേവൻ ശ്രീവീരസേനോദയനഖിലനള-
ന്മാരിലങ്ങേകനെന്താ-
നേവം ബാലേ! പരീക്ഷിച്ചുരുചി വെറുതേ
ഭ്രാന്തിദയൽക്കന്നിതോ നീ
വൈവവശ്യം വിട്ടു വാഗ്ദേവതയരുളിട്ടുമി-
ശ്ലേഷവാക്‌പ്രൗഢിയാലും-
പ്പുറിൽ സന്ദേഹമാർന്നാളധികമവരും നള-
ന്നഞ്ചുമീപ്പഞ്ചഭാവാൽ.

സർഗ്ഗം 14

സ്തോത്രത്താൽ പ്രീതരാകും ദിഗധിപർ നളനേ-
സ്പഷ്ടമായ്‌ക്കാട്ടിയപ്പോൾ
പേർത്തും ലജ്ജിച്ചു മന്ദം ഗളഭുവി നളനിൽ
ചേർത്തു മാല്യം വരാംഗി
ആർത്താനന്ദം സുരന്മാരവർ തിരികെ മട-
ങ്ങീടിനാർ വാണിതാനും
പ്രീത്യാ നൽകീ വരം തത്സമയമവരിലും
തൂകി പൂമാരി വാനിൽ.

സഗ്ഗം 15

സ്നാനംചെയ്തമ്മമാർ പിന്നതിരുചിരചമൽ-
ക്കാരമാൻൎത്സവംപോ-
ലാനന്ദം പൂണ്ടണിഞ്ഞിട്ടവളെയുമണിയി-
ച്ചപ്പൊഴാ വൈരസേനി
ഊനംകൂടാതെ വേളിക്കവനിപനരുളി-
ച്ചെയ്കയാൽ ചേൎന്നിണങ്ങും
സേനയ്ക്കൊപ്പം പുറപ്പെട്ടിതു യുവതിഗൃഹം-
തന്നിലന്യൂനശോഭം.

സഗ്ഗം 16

ഭീമൻ ചെയ്യിച്ചിതപ്പോൾ നലമൊടു നളനേ-
ക്കൊണ്ടു പുത്രീവിവാഹം;
കാമം സൗജന്യധാമാവഖിലവിഭവമൊ-
ത്തന്നമേവക്ക്മേകീ;
ഈ മട്ടാവേളി സാധിച്ചഴകൊടു ചിലനാൾ
നൈഷധൻ യോഷതന്നിൽ
പ്രേമത്തോടത്ര പാൎത്തിട്ടഥ നിജദയിതാ-
യുക്തനായ് നിൎഗ്ഗമിച്ചാൻ.

സഗ്ഗം 17

ക്രൂരൻ ഭൈമീവിവാഹോത്സുകനഹഹ കലി-
ദ്രോഹി "പോകേണ്ട നീയാ-
സ്ത്രീരത്നത്തെ ഗ്രഹിച്ചാൻ നള"നിതി വഴിയിൽ-
ദ്ദേവർ ചൊല്ലിഗ്രഹിച്ച്
സൈപരം കൂസാതെ ഭൈമീനളരെയിനി പിരി-
ക്കേണമെന്നോതി മണ്ടി-
പ്പാരം ക്ലേശിച്ചു രാട്ടിന്നുപവനമണിയും
താന്നിയിൽ ചേൎന്നിരുന്നാൻ,

“നൂനം മനോജനയിരററനിമേഷനേത്രൻ
ഭീ,നൽകിടുന്നിനിയൊരന്യനെയോളുകെ”ന്നായ്
ആ നാരിയാം തരുണരെപ്പുറയും ജനത്താ-
ലീനൽപ്പദത്തിൽ നളനേയഭിഷിക്തനാക്കി. 36

സൂത്രത്തിലങ്ങു നിഷധാഗതദൂതവന്ദി-
ധാത്രീസുരാദികളിൽനിന്നു നളൻെറ വൃത്തം
അത്യാശയാലഖിലമാത്തു മനസ്സിലാക്കി
മുത്താർന്നു വാണു സുചിരം രുചിരാംഗിയന്നാൾ. 37

“താവും വിനോദമുറിയിൽ ത്രിജഗജ്ജയശ്രീ-
മേവും വധൂവരരെയൊന്നെഴുതെ”ന്നു ചൊല്ലി,
ആ വര്യശില്പിയെഴുതീടിന തൻെറയും ത-
ദ്ദേവൻെറയും സഖിത കണ്ടു തെളിഞ്ഞു ഭൈമി. 38

പേരാളുമീ നൃപതിയെപ്പതിയാക്കി ഹൃത്താൽ
ധാരാളമേതിരവിലന്നിവൾ കണ്ടതില്ല?
പാരാതദൃഷ്ടമഹിതാർത്ഥമദൃഷ്ടശക്ത്യാ
നേരായ സൃഷ്ടി ജനദൃക്കിനു ലക്ഷ്യമാക്കും. 39

സ്വാപത്തിനാലയുമക്ഷിയുഗത്തിൽനിന്നും
ബാഹ്യേന്ദ്രിയോപരമമാർന്ന മനസ്സിൽനിന്നും
മാഞ്ഞിട്ടൊരിയ്ക്കലുമവീക്ഷിതനാമതീവ
ഗോപ്യം നളപ്രഭവവാക്കഭിദൃഷ്ടനായി. 40

ഹേമന്തവേളയിലനംഗശരാർത്തയാമി-
സ്സീമന്തിനിയ്ക്കു പകലങ്ങഭിവൃദ്ധിയാർന്നു;
ഭീമം ത്വദൃഷ്ടസമയത്തതുപോലെതന്നെ
കാമം തമസ്വിനി തടിച്ചിതു ചിത്രമേററം! 41

ധീരൻ നളൻ നിജതനുദ്യുതിയാന്ന കീൎത്തി-
ഹാരത്തിനുള്ള ഘടനാഗുണലക്ഷ്മിയേന്തി
ധൈൎയ്യം യുവാക്കടം കളയുന്നവരാംതൻഗുണങ്ങൾ
നേരേ ഗ്രഹിച്ചു വഴിപോക്കരിൽനിന്നൊരിക്കൽ. 42

മൂൎത്തിയ്ക്കുഴന്നഴകകണ്ടുത്തമതസാരത്തെ-
യോൎത്തിട്ടനംഗനിതുതാൻ തരമെന്നുറച്ചു്
മൂൎത്തിത്വമാന്ന നിജശക്തിയിതെന്നു തോന്നു-
മാത്തനപ്രിയാൽ നളനെ വെൽവതിന്നായ് നിനച്ചു. 43

അശ്വീരഭ്രൂപനഥ ഭീമസുതാഗുണത്തെ-
യദ്ധാ നിജശ്രവണഗോചരമാക്കിയപ്പോൾ,
തദ്ധൈൎയ്യലോപി സശരം സപദന്മർഗ്ഗണത്തെ
പ്രദ്യുമ്നനും ശ്രവണഗോചരമാക്കിയപ്പോൾ. 44

പൂവമ്പനമ്പിലതിസാഹസശീലനന്നും-
പ്പൂവൻപെഴും നളനൃപന്റെ ജയം ലഭിയ്ക്കാൻ
ആ വില്ലിലമ്പുകൾ തൊടുത്തു ജഗജ്ജയശ്രീ-
താവും യശസ്സിവനു സംശയമഗ്നമാക്കി. 45

വൈദൎഭിയോടിവനെഴും ഘടനയ്ക്കുജന്റെ
വൈദഗ്ദ്ധ്യകല്പിതമതങ്ങനെ ലാലസിച്ചു;
താദൃഗപിധേന മലരമ്പുകൾകൊണ്ടനംഗൻ
ഭേദിച്ചു ധൈൎയ്യമയകഞ്ചുകമന്നിവന്നും. 46

എന്താണിതില്പരമജൻ സ്മരബാണമേററ
ഹന്താൎത്തിയാൽ ജലജമിപ്പൊഴുമാശ്രയിപ്പൂ;
ആ വീരസേനസുതനംബുജസായകൻ സപ-
ച്ഛായതപമുള്ളതുനിമിത്തമജയ്യനാകാം. 47

മന്ദാക്ഷമാമുദധിദുർഗ്ഗമുടൻ കടന്നാ-
ത്തന്വംഗിയീ നൃപതിതൻ ഹൃദയത്തിലെത്തി;
എന്നായ് വയഃപ്രകൃതിയും തനുകാന്തിവായ്പും
ചേർന്നാസ്തനദ്വയഘടങ്ങൾ വെളിപ്പെടുത്തി. 48

നാട്ടാരിലത്ര നിജ ചാപലവൃത്തിയെല്ലാം
കാട്ടാതൊത്താരി നൃപനുറക്കമൊഴിച്ചു മാരൻ
കൂട്ടുന്നതാം മഹിതവേദനയേസ്സുധാംശു-
ത്വിട്ടാർന്ന രാവുമണിമഞ്ചവുമന്നറിഞ്ഞു. 49

ക്ലേശിയ്ക്കിലും മദനനാലഥ ഭീമനോടു
യാചിച്ചതില്ല സുതയേ, നിഷധാധിരാജൻ;
പ്രാണങ്ങളും സുഖവുമൊക്കെ നശിയ്ക്കിലും താ-
നർത്ഥിയ്ക്കയില്ല സുമഹത്തുകളെങ്ങുമൊന്നും. 50

വൈദർഭിതൻവിരഹനിശ്വസിതങ്ങളന്നാ-
സ്സാദത്തിൽ മററഴൽ നടിച്ചു മറച്ചു മാന്യൻ;
ഖേദത്തിലാർന്നൊരു വിളർച്ച, വിലേപനത്തിൻ-
ഭേദത്തിലുള്ള ഘനസാരഭരാൽ മറച്ചു. 51

സംസത്തിലും നൃപതി, വൈണികർ പഞ്ചമത്തിൽ
സമ്മൂർച്ഛനക്രിയ തുടർന്നതിലാർന്ന മോഹം,
സങ്കല്പദൃക്കിലരുളും ദയിതോക്തി—രണ്ടും
സംഭ്രാന്തനേതൊരുവിധത്തിലു മറച്ചുവച്ചു! 52

ചൊല്ലാർന്നിടും മദനവിക്രമമിക്രമത്തി-
ലുല്ലാസമാർന്നധികമായ് വെളിവാകമൂലം
വില്ലാളിയായ വിജിതേന്ദ്രിയനീ നരേന്ദ്രൻ
വല്ലാതിയന്നു വലുതാകിയ ലജ്ജയന്നാം. 53

ചാലേ തിരിച്ചറിവുതൊട്ട ഗുണങ്ങൾ രാത്രിൻ-
ചാപല്യശക്തി കളവാൻ കഴിയാതെയായി;
ചെമ്മേ സ്മരൻ രതിയിലിങ്ങനിരുന്നുസൃഷ്ടി
ചെയ്യുന്നു, സർഗ്ഗഗതിയായതിവണ്ണമത്രേ. 54

മാരാമയം മറവുചെയ്തു മഹാസദസ്സിൽ
ചേരാൻ ശ്രമിച്ചതിലസാധ്യത കണ്ടുടൻതാൻ
ആരാമഭൂവിഹരണൈകമിഷാൽ വിദേശ-
മാരാലണഞ്ഞിടുവതിന്നു തുനിഞ്ഞു വീരൻ. 55

കന്ദർപ്പകാന്തി കവരും നൃപനീ രഹസ്യം
നന്ദിച്ചറിഞ്ഞ സവയസ്സുകളോടുകൂടി
മന്ദം പുരോപവനയാത്രയിതെന്നു ഭാവി-
ച്ചന്നാളെ വിട്ടു നിജവാഹനമാനയിച്ചാൻ. 56

ലായത്തിൽ മണ്ണിളകിടുംപടി നൽഖുരാഗ്രം
പായിച്ചിട്ടും പടുതയും ജവവും ധരിച്ച്
ഭൂയസ്തരാം സിതമലംകൃതമശ്വമുഖ്യ-
മായത്തമാക്കിയവരെത്തി നൃപാന്തികത്തിൽ. 57

സ്കന്ധത്തിലുള്ളരിയ ദേവമണീയ്ക്കു ചേരും-
ചന്തം കലർന്ന ഗളപൃഷ്ഠപഥത്തിലൂടെ,
ചിന്തുംവിധം ഹിമകരദ്യുതിതൻവിലാസ-
മേന്തും സടാപടലകാന്തി കലർന്നമേററം, 58

വേഗാതിരേകപഠനത്തിന്നണുപ്രമാണ-
യോഗാൽ വരും ജനമനസ്സുകളെന്നപോലെ
ഭൂഗർഭമൊക്കെയുമിളക്കി വരുന്ന ധൂളി-
ഭാഗങ്ങൾ ചേർന്ന ചരണങ്ങളിലാശ്രയിച്ചും, 59

ല്ലോദഗ്രകമ്പമതിനാൽ നിജവേഗദർപ്പം
ഭ്രഷ്ടത്തിനോടുരുവതിന്നു തുനിഞ്ഞമട്ടിൽ;
സാധിയ്ക്കയില്ലിതിവനശ്വമനസ്സറിഞ്ഞ
സാധിഷ്ഠനാണു, ബുധരെന്നഥ മൗനമാന്നും, 60

തന്നേ വിപദ്വ്യയിൽ മഹാരഥചക്രവർത്തി-
തന്നേ വഹിച്ച ധവളോജ്ജ്വലകീർത്തി പൂണ്ട്,
അന്ന്യാദൃശത്വമെഴുമക്കുഹയങ്ങളേന്തു-
മന്തർബ്ബലം ദരസിതാംശുമിഷാൽ ഹസിച്ചും, 61

പാരം വെളുത്തനിറമാന്നിളകുന്ന വാലും
പാരിച്ചിടും സടയുമെന്നൊരു കൈതവത്താൽ
ഭൂരിപ്രഭം ചലിതചാമരയുഗ്മചിഹ്നം
പൂരിച്ചിടും തുരഗരാജതയേ തെളിച്ചും, 62

വേഗാവലേപമതിൽ മുമ്പു ബലാൽ ജയിച്ച
നാഗാന്തകന്നു മഹിഭക്ഷണപൗരുഷത്തിൽ
രാഗാതിരേകമെഴുമാത്തവക്ത്രരശ്മി-
യോഗാലുടൻ പ്രതിഭടത്വമലം വഹിച്ചും, 63

ഉച്ചൈശ്ശ്രവസ്സിനെതിരായ് ശശിസോദരത്വ-
മിച്ഛിയ്ക്കുമാമഹിതസിന്ധുജമാം ഹയത്തിൽ
സ്വച്ഛൻ ജിതാഖിലമഹീധരനേവമാരോ-
ഹിച്ചാനനല്പനയനൻ ധരണീമഹേന്ദ്രൻ. (കുളകം) 64

രാജിച്ചിടും ഘൃണികൾ സൂര്യനെയെന്നപോലെ
യോജിച്ച നൽദ്യുതിയെഴും ഹയവാഹനക്കാർ
രാജീവചിഹ്നമിയലും കരകാന്തി ചിന്തും
വാജീശയായി മനുജേശ്വരനേത്തുടർന്നു. 65

ദോഷജ്ഞനാജ്ജവനസപ്തിയിലൊത്ത നല്ല
വേഷത്തിനാലൊളി കലൎന്നണയുന്നനേരം
പോഷിച്ചിടും രസഭരാൽ നയനം മിഴിച്ചു
തോഷിച്ചു തത്പുരനിവാസികൾ നോക്കിനിന്നു. 66

വാതാതിവേഗമിയലും തുരഗത്തിലേറി-
ശ്ശീതാംശുതുല്യനവനിന്ദ്രസമാനഭാവൻ
ജാതാദരം ജനതതൻ ദൃഢമായ ദൃഷ്ടി-
പാതാന്വിതം സ്വപുരസീമ കടന്നു വേഗാൽ. 67

കാണാ,മെട്ടക്കണ,മടിയ്ക്കണമെന്നു ചൊല്ലി-
ച്ചെണ്ണാൻ ശല്യമുനതമ്മിലെടുത്തുനീട്ടി
സേനാമുഖത്തിൽ വിലസും ഭടസാദിസംഘം
താനാദരേണ രണലീല നടത്തി നന്നായ്. 68

ധാത്രീതലം വളരെയില്ല നമുക്ക പോകാൻ
പാൎത്തീടിലിജ്ജലധിയും സ്ഥലമാക്കിടേണം
ഓൎത്തീവിധം പൊടികളാക്കടൽ മൂടുവാനായ്
ചേൎത്തീടിനാർ ജവമദം പെരുകും ഹയങ്ങൾ. 69

വാനാക്രമിച്ചു ഹരിതൻപാദമൊന്നു; നാമി-
ക്കാൽ നാലിനാൽ ദിവി കടക്കിലുമില്ല മാനം;
മാനിച്ചിടം ഹരികളാശു മുഖം കുനിച്ചു
താനേ മടങ്ങി ഗഗനാൎദ്ധവിലംഘനത്തിൽ. 70

ഈ മന്നവന്റെ സഹചാരികളായ സാദി-
സ്തോമങ്ങളും ജിനമതപ്രതിപത്തികൊണ്ടോ
കാമം വിഹാരപദമാൎന്നു ഹയങ്ങളേയു-
മാമണ്ഡലാകൃതിയിലേററവുമാൎന്നയിച്ചു? 71

ടിക്കൊക്കെയീ നൃപവിരോധികൾതന്നെ മണ്ടി;
തത്കീർത്തിതാനുദധി ഗോഷ്പദമാത്രമാക്കി;
ഉൾക്കൊണ്ടിടം ഗതികളഞ്ചുമൊഴിച്ചു മണ്ഡ-
ലോത്കങ്ങളായ് മറി, ഹയങ്ങളലങ്കരിച്ചു. 72

മുത്തുക്കുടയ്ക്കടിയിൽ വാജികളെ ഭ്രമിപ്പി-
ച്ചുത്തുംഗഭംഗിയിൽ വിളങ്ങി നളൻ മഹാത്മാ;
പേർത്തും സമീരണനതിന്നു മടിച്ചു ചൂഴം
വാത്യാമുഖാൽ പരിചയിച്ചു വസിയ്ക്കയല്ലീ? 73

ചിന്തും രസാലുടനണഞ്ഞു നളൻ, സുഷുപ്സാ-
ബന്ധം കലർന്ന ഹരിയബ്ധിയെയെന്നപോലെ,
കാന്തപ്രവാളരുചി പൂണ്ട വിലാസകാന-
നാന്തം നിതാന്തഘനകാന്തി പരം നരേന്ദ്രൻ. 74

മോദിച്ചുകൂടെയണയും സ്വസുഹൃദ്ഗണത്തിൻ-
സാദൃശ്യമാർന്നരിയ പൗരനിരീക്ഷണങ്ങൾ,
ആ ദിക്ക വിട്ടവനരണ്യമതിൽക്കടന്നാ-
ഹ്ലാദിച്ചിടുന്നതുവരെയ്ക്കനുയാത്ര ചെയ്തു. 75

ആലോകപാലനാഥ സത്ഫലപുഷ്പജാല-
ഹേലോദയങ്ങൾ വിവരിച്ചു വനപ്രഭാവം
ചേലോടുടൻ വിപിനപൻ വിരൽ ചൂണ്ടിയെല്ലാ-
മാലോകനാർത്ഥമറിയിച്ചു കൃതാർത്ഥഭാവാൽ. 76

മെത്തും വയോഗതിയിലുത്ഥിതവാതകമ്പ-
മൊത്തുള്ള പല്ലവകരേ ഫലപുഷ്പമേന്തി,
ഉത്തുംഗശാഖികളവന്നു വനത്തിൽവച്ചാ-
തിഥ്യപ്രവൃത്തി മുനിവൃദ്ധരൊടഭ്യസിച്ചു. 77

വ്യാകോശപത്രനികരങ്ങളിലാണ്ട വണ്ടിൻ-
വ്യാജാൽ, ശിവൻ വെടികയാൽ പലദിക്കിൽ മണ്ടി
വല്ലാതകീൎത്തി കലരും വരകൈതകങ്ങ-
ളല്ലാന്ധി രാട്ടുപവനങ്ങളിലങ്ങു കണ്ടാൻ. 78

മാരൻ വിയോഗിഹൃദി, കൈതക! കണ്ടകത്താൽ
ക്രൂരം ഭവാനെയൊരൊടക്കളിയാക്കിടുന്നു;
നേരേ ഖലിയ്ക്കുകിലൊടക്കിയിവൾ നാശം
പൂരിക്കയാൽ സ്മരഹരൻ വെടിയുന്നു നിന്നെ. 79

തീൎക്കുന്നു കാമ,നപകീൎത്തിപടങ്ങൾ കാമി-
ലോകൎക്കു നിമ്നനകളാകിയ സൂചിയാലെ,
വായ്ക്കും വിയോഗിഹൃദയത്തടി,യീൎച്ചവാളി-
നൊക്കുന്നൊരോലക,ളരുത്തു മുറിച്ചിടുന്നു. 80

തൽത്തേൻ പുരണ്ട വിരൽ നിൻപൊടി തൊട്ടുണക്കി-
യസ്ത്രം തൊട്ടുത്തലർശരൻ, ദമയന്തിയിങ്കൽ
അത്യാശനാമിവനെ വെൽവതിനെന്നു, രോഷാ-
ലിത്ഥം പഴിച്ചു നൃവരൻ ബത! കൈതകത്തെ. 81

വൈദർഭിതൻ കളിർകചാള കൊതിച്ചു ശീൎഷം
കീഴാക്കിയും പുക കടിച്ചു,മലം തപിച്ചും,
താവും ഘടാഭയൊടു ജോഹദധൂപമേറു
മേവുന്ന ദാഡിമഫലാവലി കണ്ടു ഭൂപൻ. 82

മെത്തും ഫലസ്തനവിദീൎണ്ണസരാഗഹൃത്തി-
ലെത്തും ശുകാസ്യകസുമാശുഗകിംശുകാസ്ത്രം
ഒത്തുള്ളിലാപ്രിയനെയോൎത്തുരു കണ്ടകത്തോ-
ട്ടുത്തുംഗദാഡിമി, വിയോഗിനിപോലെ കണ്ടാൻ. 83

ചിത്തേ വിയോഗികളിലാർത്തിദമായ് സ്മരന്റെ-
യഭ്രേന്ദുവൊത്ത പഥികഘ്നപലാശനത്താൽ
മെത്തും പലാശമതിലെ സ്ഫുടവൃന്തസാമ്യ-
മെത്തും യകൃത്തിനുടെ ഖണ്ഡവുമത്ര കണ്ടാൻ. 84

ഉത്തുംഗഗന്ധവഹചുംബനമേറ്റു, കമ്പ-
മൊത്തും പരം സ്മിതലസന്മുകുളങ്ങളാർന്നും
മെത്തും മരന്ദകണമേന്തിന ബാലവല്ലി,
മുത്തും പരം ഭയവുമാർന്നഥ കണ്ടു ഭൂപൻ. 85

വന്നെത്തിടും പതഗപാന്ഥരെ വെന്ന പാപ-
വൃന്ദത്തെയഞ്ജലികളാം മഷിതൻ മിഷത്താൽ
കുന്നിച്ചിടും മഹിതചമ്പകകോരകങ്ങൾ
കന്ദർപ്പദേവബലിദീപികപോലെ കണ്ടാൻ. 86

ദേവൻ, പരം വിരഹികൾക്കധികാന്ധ്യമേകും
പൂവിന്നകത്തിയലുമാപ്പൊടി, പണ്ടു കാമൻ
ഹാ! വൻപെഴും ഹരവപുസ്സിലയച്ചൊരമ്പിൽ
താവും തദംഗശതഭസ്മമിതെന്നുറച്ചു. 87

അക്കാടകം പികമുഖാൽ ഭ്രമരാരവത്തിൽ
വായ്ക്കും വിയോഗിദശ സത്കരുണം ശ്രവിക്കെ,
നിഷ്കൃഷ്ടവിട്ടരിയ പുഷ്പകരം പരത്തി
നിൽക്കും സ്ഥലാംബുജിനി ദീനത പൂണ്ടു കണ്ടാൻ. 88

വണ്ടിൻ സരോഷതരഹുങ്കൃതി പൂണ്ടു, തെന്നൽ
കൊണ്ടിങ്ങു തെല്ലിളകിടും മുകുളങ്ങൾ കാട്ടി
വീണ്ടും വിയോഗികളിലാംഗ്യമൊടാധി ചേർത്തു-
കൊണ്ടെന്നപോൽ നൃപതി കണ്ടു രസാലസാലം. 89

ശോഷിയ്ക്ക നീയനുദിനം, പ്രതപിയ്ക്ക വീണ്ടും,
മോഹിയ്ക്ക, ചാക പരമിങ്ങനെ പാന്ഥനേത്താൻ
ഹാ ഹന്ത! ശാപമരുളുംപടി കൺ ചുകന്നു
മേവും പികദ്വിജകുലം ബത! കണ്ടു ഖേദാൽ. 90

ഭൃംഗാവലീമലിനമാം സ്ഫുടഹേമപുഷ്പം
തുംഗാഭമാനൃപതി കണ്ടലസേക്ഷണത്താൽ
ശങ്കാകുലൻ വിരഹികൾക്കു വിപത്തിനായി-
ട്ടുണ്ടായ കേതുവിതു നിർണ്ണയമെന്നുറച്ചു. 91

ഭൂരിഭ്രമത്തൊടണിവണ്ടുകൾ പൂണ്ടു ശോഭ-
യേറിപ്പുതിച്ചു പൊടിയേന്തിന നാഗപുഷ്പം
മാരൻ ശരങ്ങളുരസിക്കനൽ ചിന്നി മിന്നൽ
ചേരുന്ന ചാണയൊടു സാമ്യമിയന്നു കണ്ടാൻ. 92

ഗന്ധം പെടും നൃപവപുസ്സതിലാഗ്ഗുണങ്ങൾ
ചിന്തും സുമാലഭിപതിച്ചു നദിച്ചു ചെല്ലും
വണ്ടിൻഗണം നിജധനുസ്സതിൽനിന്നു തെററി
മണ്ടുന്നതെന്നു നിനവാൽ സ്മരനാർന്നു നാണം. 93

കാറേററലഞ്ഞരിയപല്ലവകണ്ടകാഗ്ര-
മേററും പരപ്പുടയ ചന്ദനഗന്ധമാർന്നും
തെറെറന്നിയേ ഗണികമാക്കിയലും സ്തനാഭ
പററും വിപകാതരവിലാപഫലങ്ങൾ കണ്ടാൻ. 94

മെത്തും യുവദപിതയിതൻ ഹൃദി മജ്ജനത്തി-
നൊത്തുല്ലസിച്ചരിയ പാടലിസൂനഗുച്ഛം
ഉൾത്തിങ്ങിനില്പതു, വനംഗജതൂണിയെന്നു
ഹൃത്തിങ്കലോർത്തു വിറ പൂണ്ടു ഭയാന്ധധീയാൽ. 95

അക്കാടകത്തസിതപക്ഷവിലോപമെന്നോ-
രക്കൈതവാൽ കബളമാക്കിയ ചന്ദ്രബിംബം
വെക്കം വമിക്കുമസുരഗ്രഹമെന്നു നന്മൊ-
ട്ടൊക്കും കറുപ്പെഴുമഗസ്തിയെയോൎത്തു ഭൂപൻ. 96

പെട്ടെന്നടുത്തിഹ തുഷാരസിതച്ഛദങ്ങൾ
പെട്ടുള്ളൊരാവൃതി കളഞ്ഞന്നിലവൻ ഭ്രമത്താൽ
കാട്ടുന്നൊരാലതയിലേക്കസുമേഷുകേളി-
യാട്ടങ്ങൾ കണ്ടു നൃവരൻ മിഴി ചിമ്മി രണ്ടും. 97

ഉത്സംഗസന്ധിയിൽ വളൎത്തിയ ധാത്രിയെത്ത-
ദപത്യങ്ങളാം തരുകുലം ഫലഗൗരവത്താൽ
നിസ്സംശയം തല കുനിച്ചു പരം നമിക്കും
തത്സംഗമത്തിലഭിനന്ദനമേകി മന്നൻ. 98

പൂക്കൈതതൻ പൊടികളേററു വെളുത്തു, കാറേറ-
റെറാക്കെക്കളിത്തു, സുധയാക്കി മരന്ദയോഗാൽ
വായ്ക്കും പ്രസാദമൊടഹൎദ്യുതിയാം നിലാവു-
മെല്ലും രസം വിരഹിയാമവനേകിയില്ല. 99

മന്നൻ വിയോഗിയിവനെങ്കിലുമിങ്ങു സാക്ഷാൽ
മിന്നും മുഖേന്ദുരുചി കണ്ടു പികങ്ങൾ കോപാൽ
കണ്ണും ചുവത്തി മുഹുരിന്ദുവിൽ വൈരിയെന്ന-
വണ്ണം കുഹൂരിതി മുറയ്ക്കു വിളിച്ചു നൂനം. 100

ആ മൎത്ത്യപൻ തളിരിനുള്ളിൽ മറഞ്ഞിരിക്കും
കാമാസ്ത്രരൂപമുകുളങ്ങൾ പെരുത്തശോകം
നാമാൎത്ഥമോൎത്തു ഭയമാൎന്നു ഗൃഹാൎത്തപാന്ഥ-
സ്തോമത്തിനേകഗതി താനിതി നിശ്ചയിച്ചു. 101

പാടീ പികാളിതതി, കേകികളാടി, വാപി
തേടീട്ടമൂൎമ്മികളടിച്ചു മുഴക്കി വാദ്യം,
കാടീവിധം നൃപനെ നാട്യമൊടാദരിച്ചു-
കൂടീ; മഹാനു സുഖമെങ്ങു ലഭിക്കയില്ല? 102

രാട്ടിൻ രസത്തിനു ജനങ്ങൾ പഠിച്ചു കാട്ടിൽ
വിട്ടുള്ള പൈങ്കിളികൾ ചേൎന്നിവനേ സ്തുതിച്ചു;
പെട്ടെന്നു തന്മഹിമ തത്തകളിപ്രകാരം
മട്ടൊത്ത നല്ലമൃതഗീതിയിലേററു പാടി. 103

കാമം സുഗന്ധമിയലും വിപിനേ ചരിച്ചി-
ട്ടോമൽസ്സ്വവം പികശുകാളികൾ ചെയ്കിലുംതാൻ
ആമോദമാവിരഹപീഡയിലുള്ളിലേൽക്കാ-
താമോദമാപ്പുറമെയൊക്കെയവൻ വഹിച്ചു. 104

നേട്ടം സപാകേതുശഫരം തരുമൂലതോയേ
ചാട്ടം സശങ്കമിതി കയ്യിലതാൎന്ന മന്നൻ
കൂട്ടം സുമത്തുഘലനമാം വിപിനേ വസന്തം
തേട്ടം സഖിതപമെഴുമംഗജനെന്നു തോന്നി. 105

വല്ലീവധൂനടനസദ്ഗുരുവായ്, പ്രസൂന-
മല്ലീസുഗന്ധമപശങ്കമപാഹരിച്ചു്,
സല്ലീലസന്മധുരസാപ്ളുതനായ് വനത്തിൽ
നിൎല്ലീനനാമനിലനീ നളനേ ഭജിച്ചു. 106

പാരിച്ചിട്ടും മഥനഭീതിവശാൽ ചിരേണ
പൂരിച്ചെഴും പ്രതനരത്നധനം ഗ്രഹിച്ചു്,
ആരാലൊളിച്ചിഹ വനത്തിലുദന്വദാഭ-
ഷേരും തടാകമഥ കണ്ടു ധരാധിനാഥൻ. 107

തീരത്തിൽനിന്നുദിതമായ് സലിലത്തിലഗ്ഗ്രം
ചേരും മൃണാളതതിതൻ കപടാൽ തടാകം
നാഗേന്ദ്രപുച്ഛരുചി പൂണ്ടുദകാപ്ലുതാഭ്ര-
മാതംഗസംഘരദനങ്ങൾ ധരിച്ചു നന്നായ്. 108

കച്ഛത്തിൽനിന്നഴലൊഴിച്ചിട്ടമശ്വസംഘം
സ്വച്ഛം ജലത്തിൽ നിഴലിച്ചു ലസിയ്ക്കമൂലം
ഉച്ചത്തിലൂർമ്മികശയേറിളകുന്നനേക-
മുച്ചൈശ്ശ്രവസ്സുകളിയന്നവിധം വിളങ്ങി. 109

ചന്തം കലൎന്നളികളാലകമേ കറുപ്പു
ചിന്തും സിതാംബുരുഹസംഹതിതൻഛലത്താൽ
ധ്വാന്താഭമാമുരുകളങ്കമെഴും മുഴുത്ത
പൂന്തിങ്കൾതൻ പ്രകരമാൎന്നധികം ലസിച്ചു. 110

ചക്രം ധരിച്ചു, കമലാകരമാൎന്നു, ഭൃംഗ-
സഖ്യം ലഭിച്ചു, ബിസശേഷനിവാസമേന്തി;
പദ്മാകരം നളിനിതൻ സ്ഫുടനാളജാല-
ച്ഛദ്മത്തിനാൽ നരകവൈരിയൊടൊത്തിരുന്നു. 111

സ്വൈരം നിജാങ്കമണയും തിരമാലയാം തൻ-
ദാരങ്ങളാം നദികളെപ്പരമാദരിച്ചും,
ആരാൽ വിടൎന്നുവരുമീയരുണാബ്ജജാല-
ദ്വാരാ മുളച്ച പവിഴപ്രഭയാൎന്നു മിന്നി. 112

ശ്യാമാവദാതകമലൗഘമിഷാൽ ജലത്തി-
ലാമഗ്നമാം ഹലഹലേന്ദുരുചിപ്രകർഷം
കാമം സരസ്സിതു വെളിയ്ക്കു വിടുന്നതാണെ-
ന്നാമന്നവേന്ദ്രനകതാരിലുടൻ നിനച്ചു. 113

ഏങ്ങും സരസ്സിലെഴുമൂൎമ്മികളാൽ ചലിച്ചു-
തിങ്ങും കഠോരതരശൈവലവല്ലിയെല്ലാം
അങ്ങുള്ളൊരാബ്ധവഡവവഹ്നിയിൽനിന്നുദിച്ചു-
പൊങ്ങുന്ന ധൂമനിരതാൻ ദൃഢമെന്നു തോന്നും. 114

ആദിത്യയോഗമതിനാലുരു കണ്ടകം പൂ-
ണ്ടാമോദമിങ്ങനുദിവം പ്രകടീകരിച്ചു്
ലക്ഷ്മീഗൃഹസ്ഫുടസുവിഗ്രഹമാണ്ടു ദേവ-
നാരീസമം നളിനി തത്ര സമുല്ലസിച്ചു. 115

ആപ്പൊയ്കനീരിൽ നിഴലിച്ചു തടിച്ചു നീണ്ടു-
നിൽക്കും മരുത്തിരകളാലിളകും തടാഗം
മുങ്ങിക്കിടന്നു നിജപക്ഷമിളക്കിടുന്ന
മൈനാകമാം ശിഖരിതൻ സമഭാവമാണ്ടു. 116

താരുണ്യമാണ്ടു രതിശക്തിയെഴുന്ന പേട-
മാരിൽ സചഞ്ചുചരണദ്വയകൈതവത്താൽ
പാരാതിരട്ടയിലയും തളിരും കലൎന്നു
മാരാൎജ്ജിതപ്രണയഭൂരുഹകന്ദമേന്തി, 117

പാലാഴിയൊത്തരിയപൊയ്കയിലാരമിയ്ക്കും
ചേലാൎന്ന ഹംസികളിലാദരമാൎന്നിടക്കൽ
വേലാതിഗാദ്ഭുതമൊരഗ്ര്യസുവൎണ്ണഹംസം
ലീലാരസേന മരുവുന്നതു കണ്ടു മന്നൻ. (യുഗ്മകം) 118

ഭൂകാന്തനാം നളനിവൻ നിജമാനസത്തി-
ന്നേകാന്തമോദമരുളും ദ്വിജദൎശനത്താൽ
ഹാ! കാന്തയാൽ വിധുരനെങ്കിലുമാക്ഷണത്തിൽ
സ്തോകാന്തരങ്ഗസുഖമാണ്ടു കുതൂഹലത്താൽ. 119

ഭാവ്യർത്ഥസിദ്ധിയിലനർഗ്ഗളശക്തി വായ്ക്കും
ദൈവേച്ഛയേതുവഴിയാണതിനൊത്തവണ്ണം
വൈവശ്യമേററമിയലും ജനബുദ്ധികൂടെ-
പ്പോവുന്നു കാററവഴി പുല്ക്കൊടിയെന്നപോലെ. 120

അന്നേരമാ രതിരസാലസനാം ഖഗേന്ദ്രൻ
മന്ദേതരം ചരണമൊന്നിലൊതുങ്ങി-നിന്നു്
പിന്നാക്കമാക്കി മുടി, തൻചിറകാൽ മറച്ചു
നന്നായ് തടാകനികടത്തിലുറങ്ങി മോദാൽ. 211

ആപ്പക്ഷിയേ നിജമുഖപ്രഭയാൽ ത്രപിച്ചു-
കൂപ്പും സനാളകനകാംബുജമെന്നമപ്പോൾ
അപ്പുങ്ഗവൻെറ കനകപ്പിടിയിട്ടിണക്കി-
ച്ചോപ്പാന്ന ചാമരമിതെന്നുമവൻ നിനച്ചു. 122

വാഹത്തിൽനിന്നവതരിച്ചു ചെരിപ്പണിഞ്ഞ
ഭൂപൻെറ കാലിണ വനങ്ങളിലൊപ്പമായി;
നല്പല്ലവങ്ങളൊടുമാക്കമെലങ്ങളോടും
പോരാടുവാൻ കവചമാന്നവിധം ലസിച്ചു. 123

താനേ നൃപൻ കപടവാമനമൂർത്തിപോലാ-
സ്ഥാനേ തനുസ്ഥിതി ചുരുക്കിയടുത്തെത്തു്
മൗനേന ശ്ലഥമടിവച്ചറിയാതെ ചെന്നു
താനേവമന്നമതിനെക്കരതാരിലാക്കി. 124

പെട്ടെന്നു ഹംസവരനാ നൃവരൻെറ കയ്യിൽ
പെട്ടെന്നറിഞ്ഞുഴറിയുത്പ്ലവമാൻ വീണ്ടും
മുട്ടിത്തിരിഞ്ഞൊട്ടുവിലുത്പതനാശ വിട്ടു
പൊട്ടിക്കരഞ്ഞു നൃപഹസ്തമതിൽ കടിച്ചു. 125

പേടിച്ചു വേഗമണയും വിഹഗവ്രജത്താൽ
മോടിപ്പെട്ടും നളിനി സോത്കതരാനുകമ്പം
ഭംഗങ്ങളാലിളകുമംബുജമാം കരത്താൽ
നന്നല്ലിതെന്നവനെയാശു തടഞ്ഞു നൂനം. 126

തിട്ടാളുമിപ്പറവയാൽ ചതിപെട്ട പൊയ്ക
വിട്ടാശു പോകുമലർമാനിനിതൻപദത്തിൽ,
സ്പഷ്ടം വിളങ്ങിയിളകുന്ന മണിച്ചിലമ്പിൻ-
മട്ടിൽക്കരഞ്ഞു കരയിൽക്കളഹംസയൂഥം. 127

ഈ മന്നിടത്തിലിനിയെങ്ങനെ ഞങ്ങൾ വാഴ-
മീമട്ടതിക്രമമിളാപതി നീ തുടന്നാൽ;
ഇത്ഥം ഖഗങ്ങൾ മഹി വിട്ടു നഭസ്സിലെത്തി-
ബ്ഭർത്സിച്ചു നൂനമവനേ സ്വകനിസ്വനത്താൽ. 128

പക്ഷിയ്ക്കു നൽക്കനകപക്ഷവുമീ മഹസ്സു-
മക്ഷിയ്ക്കലക്ഷ്യതരമെന്നു പുകഴ്ത്തി വീണ്ടും
വത്തിയ്ക്കുമീനൃപനൊടാക്കരപഞ്ജരത്തിൽ
വാണീടുമാക്കനകഹംസമുടൻ കഥിച്ചു:— 129

"ഹാ! ശാതകുംഭമയമെൻചിറകിങ്ങു കണ്ടി-
ട്ടാശാന്ധമാം തവ മനം ബഹുനിന്ദ്യമത്രേ;
അബ്ധിയ്ക്കു ഹൈമകണമെന്നവിധം നിനക്കി-
തോത്തീടിലെന്തു കമലോദയമേകിടുന്നു? 130

രാജൻ! ഭവാനിലധികം ഹൃദി വിശ്വസിച്ചോ-
രീ ജന്തുവിൻ വിഹതി കേവലഹിംസയല്ല;
വ്യാജം വെടിഞ്ഞരികളെങ്കിലുമാശ്രയിച്ചാൽ
രാജന്യ! തദ്വിഹതി ധാർമ്മികധർമ്മമാണോ? 131

ചേണാൎന്ന യോധർ പലട്ടിക്കിലുമുണ്ടു ഹിംസ-
യ്ക്കാണെങ്കിലിങ്ങവരിലായതൊതുങ്ങുകില്ലേ?
ക്ഷോണീപതേ! തവ കുവിക്രമ,മാശ്രയിച്ചേ-
ക്കേണീട്ടമിപ്പുറവയിൽ തുടരുന്നു കഷ്ടം!! 132

രാജീവമൂലഫലമാത്രമശിയ്ക്കുമെൻെറ-
യീ ജീവനം നിരപരാധമൃഷിയ്ക്കു തുല്യം;
ആ ജന്തുവിങ്കലുമഹോ! കൃതദണ്ഡനാകും
ഭൂജാനി നീയിളയിലെങ്ങനെ നിന്ദ്യനാകാ?" 133

ആ ഹംസമാ നൃപനെയീ വചനങ്ങൾകൊണ്ടു
ഹാ ഹന്ത! വിസ്മയദയാകുലനാക്കിയേററം;
സ്നേഹാമൃതാംബുനിധിയാം നളഹൃത്തിലപ്പോൾ
വ്യാഹാരഭൂരികരുണാനദിയേ നയിച്ചു. 134

"പ്രായം തികഞ്ഞ ജനനിയ്ക്കിവനേകപുത്രൻ;
ജായയ്ക്കു ദീനതയവൾക്കിതു നവ്യസൂതി;
ഈവയുള്ളവൎക്കു ഗതിയാമിവനേ വലയ്ക്കാൻ
നീയെന്തിവണ്ണമദയം നിയതേ! തുനിഞ്ഞു? 135

അമ്മേ! സുഹൃത്തുകളുമെൻസഖിമാരുമെല്ലാം
ചെമ്മേ കരഞ്ഞു സദയം ഭവഗർഹണത്താൽ
വേഗം നിവൃത്തിപദമെത്തിടു;മാത്മജന്മ-
ശോകാൎണ്ണവം ഭവതിയാലതിദുസ്തരംതാൻ. 136

എൻപേരിൽ വാചികബിസങ്ങൾ വിടാനമാന്തി-
ച്ചെത്രയ്ക്കു ദൂരെയെഴവോൻ പ്രിയനെന്നയേ! നീ
ചോദിയ്ക്കുവേ ഖഗകുലം കരയുന്ന കണ്ടു
കേഴുന്ന നിൻക്ഷണമതെങ്ങനെയൊക്കെയാവും! 137

ഹാ! ദൈവമേ! ദയിതതൻ മൃദുശൈത്യശില്പി-
യാകും ഭവാന്റെ കരതാ,രിവനീ വിധത്തിൽ
കാന്താവിയോഗമണയും ദൃഢമെന്നു നെററി-
കായും കഠോരലിപിയേതുവിധം വരച്ചു? 138

എന്നല്ലയിന്നയി! മനോഹരി! മററു ഹംസ-
വൃന്ദത്തിനൊക്കെയശനിക്ഷതരൂക്ഷമായി
തോന്നിയ്ക്കുമെൻ സ്ഥിതിയിൽ നീ, ദശദിങ്മുഖങ്ങൾ
ശൂന്യങ്ങളായഹഹ! കണ്ടിടുമില്ല ഭേദം. 139

മാറാത്തൊരീ വിരഹവേദനയാൽ പ്രിയേ! നീ
മാറത്തടിച്ചു വിലപിച്ചു മരിയ്ക്കുമെങ്കിൽ
പാരാതെ ബാലരതിനാൽ മൃതരായി വീണ്ടു-
മാരാലിവൻ വിധിഹതൻ ഹതനായ് ഭവിയ്ക്കും. 140

കണ്ടാലതീവ കൃശരായ് പലനാൾ കൊതിച്ചി-
ട്ടുണ്ടായ കുട്ടികൾ വിയോഗമൊടീ വിപത്തിൽ
ക്ഷുത്താൻ കൂട്ടിനരികത്തു കിടന്നുരുണ്ടീ-
വൃത്താന്തമോർത്തഹഹ! കേണുയിർതന്നെ പോക്കും. 141

വല്ലോളെയും സുചിരചുംകൃതിയാൽ വിളിച്ചും
വല്ലാളെ നോക്കി മുഖമാട്ടിയുമിസ്സുതന്മാർ,
ചൊല്ലാവതല്ല പരം":—എന്നുരചെയ്തു മോഹാൽ
നില്ലാതെ വീണുടനുണർന്നു നൃപാശ്രുസേകാൽ. 142

പറഞ്ഞേവം കേഴും പതഗവരനെദ്ദീനകരുണാ-
പരൻ ദേവൻ നോക്കിപ്പരമരുചി വീക്ഷിച്ചു സരസം
പരം നീയിന്നെന്നാലിതിനു ധൃതനായ് സ്വൈരമി-
[നിയും
പറന്നെങ്ങോ പോകെന്നുടനരുളിവിട്ടാൻ സകുതുകം 143

12759

മോഹം തീൎന്നഥ ചക്രചംക്രമമിഷാൽ
നീരാജനം ചെയ്തിട്ടും
സ്നേഹം പൂണ്ട സുഹൃത്തുകൾക്കഴലിൽ മു-
ന്നുണ്ടായ ബാഷ്പോദയം
വ്യൂഹം ചേൎന്നൊഴുകുംവഴിയ്ക്കു വിരവോ-
ടാനന്ദജാശ്രുക്കളെ-
ന്നീഹംസപ്രട്ട പിൻതുടൎന്നിട്ടുവതി-
ന്നങ്ങോട്ടു വിട്ടീടിനാൻ. 144

താതൻ ശ്രീഹീരസംജ്ഞൻ കവികുലമകുട-
ക്കല്ലു,മാമല്ല ദേവീ
മാതാ; ശ്രീഹൎഷനേതത് സുകൃതഫലഭവൻ
സദ്ഗുണാതീന്ദ്രിയാത്മാ
സ്ഥീതം സേവിച്ച ചിന്താമണിയുടെ ഫലമായ്
ചാരുശൃംഗാരസാരോ-
പേതം തീൎന്നാദ്യസർഗ്ഗം നളചരിതമഹാ-
കാവ്യരത്നത്തിലേവം. 145

ഒന്നാം സർഗ്ഗം കഴിഞ്ഞു.

രണ്ടാം സൎഗ്ഗം

പുരുഷോത്തമനായിടുന്ന ലോകേ-
ശ്വരനാൽ മുക്തിപദം ലഭിച്ച ശേഷം,
പറയാൻ കഴിയാത്തവണ്ണമുള്ളാ-
പ്പരമാനന്ദമിയന്നിതാ ദ്വിജേന്ദ്രൻ. 1

വിരിയും ചിറകാൎന്നിടും വപുസ്സാ-
വിഹഗേന്ദ്രൻ വിവിധം കുടഞ്ഞു വീണ്ടും,
കരപീഡനദന്തുരാന്തരത്വം
കലരും പക്ഷതി കൊക്കുകൊണ്ടൊതുക്കി. 2

ഉടനേ പദമൊന്നു പക്ഷതിയ്ക്കു-
ങ്ങിടയിൽക്കൂടിയുയൎത്തിയാക്കണങ്കാൽ
മുടിയിങ്കൽ നയിച്ചു മെയ്ചൊറിഞ്ഞാ-
പ്പടുവാം പക്ഷി പറന്നു വാസമാൎന്നു. 3

ചടുലം ചിറകിന്നിടയ്ക്കു പററി-
ക്കടികൂട്ടും കടുകീടസഞ്ചയത്തെ
പടുചഞ്ചുപുടങ്ങളാൽ കൊറിച്ചി-
ട്ടുടലിന്നുള്ള ചൊറിച്ചിലൊട്ടകററി. 4

സരസീവിഹഗങ്ങളീവിഹംഗേ-
ശ്വരനേ വന്നു ചുഴന്നു തത്ക്ഷണത്തിൽ
കരപീഡനവൈകൃതാൽ ഭയപ്പെ-
ട്ടരമുച്ചസ്വരപൂൎവ്വമുത്പതിച്ചു. 5

ശ്രിതപല്വലഭൂരിശൈവലക്ഷ്മാ-
ഞ്ചിതനാം ഭൂപനെ വീണ്ടുമാ ഖഗേന്ദ്രൻ
ശതപത്രധിയാ ഗമിച്ചു നൂനം
ധൃതരുദ്രാക്ഷമിളിന്ദമാം കരത്തിൽ. 6

ചിരലാളനയാലിളേശനിൽ താൻ
പുരുവിശ്വാസമിയന്നിതോ ഖഗേന്ദ്രൻ?
അരചന്റെ കരാംബുജത്തിലെത്തി-
പ്പരമാനന്ദമിതാ ലഭിച്ചിടുന്നു!! 7

കുതുകാമൃതസിന്ധുമഗ്നമാകും
ക്ഷിതിപാലന്റെ മനസ്സിനെ ക്ഷണത്തിൽ
സുതരാം ശ്രുതിശഷ്കുലീഘടത്തിൻ-
ഗതി ചേർത്തീവിധമോതി രാജഹംസഃ— 8

“നിഖിലാഗമധർമ്മമർമ്മവിത്താം
നൃപനാഖേടമനിന്ദ്യമെന്നു കേൾപ്പൂ;
ഇവനെക്കൊലചെയ്തിടാഞ്ഞതാരാ നിൻ-
വരധർമ്മം സദയോദയോജ്ജ്വലം താൻ. 9

സകുലാശികളാം ഝഷങ്ങളേയും,
നിജനീഡദ്രുമപീഡി പക്ഷിയേയും,
അനവദ്യതൃണാദമാം മൃഗൌഘ-
ത്തെയുമുർവ്വീപതി കൊൽകിലില്ല പാപം. 10

അഹിതം തവ മുൻപു ഞാൻ പറഞ്ഞത-
നതു തീർക്കാൻ കൊതിയുണ്ടെനിക്കിദാനീം;
അമിതാതപമേററിടും തരുക്കൾ-
ക്കമൃതം നൽകിടുമർക്കനെന്നപോലെ. 11

അരികത്തിലിരന്നിടാതെ കൈവ-
ന്നതു തള്ളുന്നതയുക്തമാം നിനക്കും;
ജനബുദ്ധിയറിഞ്ഞവന്നു ശുദ്ധൻ
വിധിതാൻ നൽകുവതാ പ്രതിഗ്രഹത്തെ. 12

ജഗദീശ! ഭവാനു പക്ഷിയിന്നെ-
ന്തുപകാരത്തിനു ശക്തനായ് ഭവിയ്ക്കും?
ഇതു ഞാനറിയുന്നു; നമ്മെയാ പ്ര-
ത്യുപകാരാർത്ഥികൾ വിട്ടിടുന്നതില്ല. 13

ഉപകർത്തൃജനത്തിനാദരത്തോ-
ടുടനേ പ്രത്യുപകാരമേകിടേണം;
ഉരുവോ ലഘുവോ—വിവേകികൾക്കി-
ല്ലുരരീകാരവിശേഷമിങ്ങതിങ്കൽ. 14

മമ വാക്കിൽ നിനക്കു വൻപ്രമോദം
കുറവായാലുമിതൊന്നു കേൾക്കണം നീ;
ഖഗവാക്കുകൾ കീരവാക്കുപോൽത്താ-
നുളവാകും രസമല്പമായ് ഭവാനും. 15

വിമതക്ഷിതിസാർത്ഥസംജ്ഞനായ് താൻ
വിലസീടുന്നിതു ഭീമഭൂമിപാലൻ;
വിഭുരക്ഷയിലാ വിദർഭരാജ്യം
വിഹസിയ്ക്കുന്നു മഹേന്ദ്രപൂരിനേയും. 16

തെളിവാന്നൊരു തഥ്യവാദിയാകും-
ദമനാഭിഖ്യമഹർഷിയോടവൻതാൻ
ഒരുനാളുമനന്യലഭ്യമാം സദ്-
ഗുണമാളും സുതയാം വരത്തെ വാങ്ങി. 17

ത്രിജഗത്സ്തുതഗുണജാലമന്മദത്തെ-
ഭ്രമനംചെയ്തിടുമംഗസൌഷ്ഠവത്താൽ
വരവൈഭവലബ്ധയാമവൾക്കാ-
നൃപനേകീ ദമയന്തിയെന്ന നാമം. 18

രമതാനവൾ കേവലം ഗുണാംഭോ-
നിധിയാം ഭൂപനിൽനിന്നുദിക്കമൂലം;
ശിവശേഖരചന്ദ്രരേഖയെത്തദ്-
വ്യവധാനത്തിലുമാർ ധരിക്കയില്ല? 19

ഇവൾമൌലിയിലാദരിക്കയാലാ-
ച്ചികുരൌഘങ്ങൾ പരം ജയിച്ചിടുന്നു;
പശ്രുതാനപുരസ്കരിച്ചു വെൺചാ-
മരമോടാരിതു തുല്യമായ് നിനയ്ക്കും? 20

നെടുതാം നയനാഭയോരു തോററി-
ട്ടടയും തന്മിഴികൾക്കു സാന്ത്വനത്തെ
സ്ഫുടമായ് ഖുരകർഷണച്ഛലത്താ-
ലുടനേകുന്നു മൃഗങ്ങൾ ഭീതിയോടെ! 21

ശ്രുതിഗാമിതയാലവൾക്കു പാരം
ഹിതമാം ലോകയുഗം ജയിച്ചിടുന്നു;
അതുപോൽ നയനങ്ങളും ജയിപ്പൂ;
ശ്രുതദൃഷ്ടങ്ങൾ വധൂഗുണങ്ങൾതാനും. 22

ഉഴൽമാനുഴലുന്നതായുമെന്ന-
ല്ലഴകാത്തണ്ടലരിന്നൊഴിപ്പതായും,
വ്യഴതീടിന ലോചനങ്ങൾതാനി-
ങ്ങഴലേകുന്നിതു ഖഞ്ജനാവലിക്കും. 23

മധുരാധരബിംബമെന്നുരയ്ക്കും
പദമാച്ചുണ്ടിനു പേരുമാത്രമത്രേ;
അധരം ബത! ബിംബമെന്നു ചൊല്ല-
ന്നതുതാനുത്തമമന്വയത്തിനോത്താൽ. 42

വിധുമണ്ഡലമാവധൂമുഖത്തെ
വിരചിയ്ക്കാൻ വിധി സത്തെടുത്തശേഷം
വിലസുന്നു നടുക്കു രന്ധ്രമേന്തും-
വിധമായ് നിമ്നഖനീഖനീലലീലം. 25

ധൃതലാഞ്ഛനഗോമയങ്ങൾ ചേന്നാ-
സ്സുധയാൽ വെണ്മ കലന്ന ചന്ദ്രനേയും
ഉചിതം വിധി തന്മുഖത്തു നീരാ-
ജനതൻഭാജനമായ് ചുഴററിടുന്നു. 26

വരകാന്തിപരീക്ഷയേററുതോററി-
ട്ടരവിന്ദങ്ങൾ തദാനനത്തൊടേററം,
പരമിപ്പൊഴുമംബുമഗ്നമായ് താൻ
മരുവുന്നുണ്ടു പരാജയാങ്കമോടും. 27

രതിമന്മഥർതൻ ജഗജ്ജയത്തി-
ന്നുതകും വില്ലുകൾതന്നെ ചില്ലി രണ്ടും;
വരനാസകൾ ശല്യവൃഷ്ടിചെയ്യു-
ന്നവരാളും നളികങ്ങൾതന്നെയല്ലോ. 28

കരലീലകൾകൊണ്ടു മിത്രബന്ധം
കലരും പങ്കജലക്ഷ്മി കൈയ്ക്കലാക്കി
ജലദുർഗ്ഗമമാം വിസത്തെവെന്നാ-
ബ്ഭുജമാളുന്നവൾ ശ്ശര! തുല്യയാം തേ. 29

വധുവിൽ സ്വകശക്തി ഭൂരി ചേർക്കാൻ
കൊതി വായ്ക്കുന്നൊരു ബാല്യയൗവനങ്ങൾ
വിധി ഹാ! വിഭജിച്ച രോമരേഖാ-
വധികൊണ്ടും മുദമാൎന്നതില്ല തെല്ലും. 30

വരകാന്തിതരംഗങ്ങളാലഗാധോ-
ത്തരമാം തത്തനുവിങ്കലുത്തരിപ്പാൻ
സ്മരയൗവനമാം ദ്വയത്തിനാപ്പോർ-
മുല രണ്ടും പ്ലവകുംഭമായ് ഭവിപ്പൂ. 31

നിജഹേതുകദണ്ഡജന്യചക്ര-
ഭ്രമകാരിത്വഗുണം ഘടത്തിലാമോ?
അതു തത്കുചമായ് ഭവിച്ചു ശോഭാ-
ധരചക്രഭ്രമമത്ര ചേർത്തിടുന്നു! 32

ധൃതവേണികൾ ബർഹഗർഹണം ചെ-
യ്തതിനാൽ സ്കന്ദനെയാശ്രയിച്ചു ബർഹി;
അതുലസ്തനകാന്തി മസ്തകത്തോ-
ടെതിരിട്ടി,ട്ടിഭരാജനിന്ദ്രനേയും. 33

ജഠരം നതമദ്ധ്യപൃഷ്ഠഭാവാൽ
പിടികൈത്താഴ്വിരൽവയ്പിനൊത്തമട്ടിൽ
സ്ഫുടമായ്, വിരൽനാലിനങ്ങിടയ്ക്കുൾ-
പ്പെട്ടുമാറാവലി മൂന്നുമാൎന്നു നൂനം. 34

അവൾതന്നുദരത്തെ മുഷ്ടികൊണ്ടി-
ങ്ങൊരുവൻ കൗതുകമോടളന്നിടുന്നോ?
പിടികൈവിരൽ നാലുമെന്നപോൽ പൊ-
ന്നരഞാണൊത്തു വലിത്രയം ലസിപ്പൂ. 35

പൃഥുവൎത്തുളതന്നിതംബകൃത്താം
വിധിയാ സൂൎയ്യരഥം ചമച്ചു വാഴ്കും,
മികവാലുരുളൊന്നിനാൽ ചരിയ്ക്കും
മദനത്തേർ പണിവാൻ മുതിൎന്നിടുന്നോ? 36

പരമൂരുയുഗം ജയിച്ചു രംഭാ-
തരുവെത്തന്നെയുമത്രമാത്രമല്ല;
നളകൂബരപൂൎവ്വപുണ്യസമ്പത്-
ഫലമാമാത്തരുണീജനത്തിനേയും. 37

നളിനദ്വയമൎക്കസേവയാൽതാൻ
നളിനാക്ഷീപദതാംപദം ലഭിച്ചു;
അതിനേ വിധിവാഹയുഗ്മമാപി-
ച്ചഥ ശബ്ദിച്ചു സഹംസകീകരിപ്പൂ. 38

പല പുണ്യനദീനദങ്ങൾ വാണും,
പലനാൾ രാത്രി സമാധി പൂണ്ടിരുന്നും,
ജലരുട്ടവൾതൻ പദാബ്‌ജമെന്നാ
നിലയിൽ സദ്‌ഗതിയെങ്ങനേ ലഭിയ്ക്കാം? 39

ജലജാകരസേവ ചെയ്യുവാനായ്
പല ദേശങ്ങളിലും ചരിയ്ക്കുമീഞാൻ
ലലനാജനമൗലിമാലയാളെ-
ച്ചിലനാളങ്ങനെ കണ്ടിരുന്നു നന്നായ്. 40

സുരസുന്ദരിമാരുമീവരാംഗി-
യ്ക്കരുതൊപ്പം ദൃഢമെന്നെനിയ്ക്കു തോന്നി;
പരമേഷ്ഠിയിവൾക്കു നിശ്ചയിച്ചാ-
വരനാരായ് വരുമെന്നുമോൎത്തു ഹൃത്തിൽ. 41

അനുരൂപനവർക്കു നീ വിശങ്കം;
യുവലോകേ മമ പൂർവ്വപക്ഷഭാവം
കളയാൻ കഴിയാഞ്ഞു; നിന്നിലാരോ-
പിതമായുത്തരപക്ഷമുത്തമാത്മൻ! 42

തവ താദൃശസൗകുമാര്യമീക്ഷി-
ച്ചിവനുദ്ബോധനവാസനാബലത്താൽ
അവളോ! ചിരദൃഷ്ടയെങ്കിലും ത-
ന്നവനീതാംഗിയെയോർമ്മവന്നിതിപ്പോൾ. 43

അയി! വീര! ഭവാനിൽ മാത്രമല്ലോ
ദമയന്തീകിളികിഞ്ചിതം ലസിപ്പൂ!
മണിമുത്തണിമാല പെണ്മണിപ്പോർ-
മുലയിൽത്തന്നെ വിളങ്ങിടുന്നു നന്നായ്. 44

വിഫലം തവ രൂപമാവരാംഗീ-
രഹിതം വന്ധ്യതരുപ്രസൂനതുല്യം;
ദൃഢമിദ്ധനപുഷ്ടിയുള്ള നാട്ടും
കുയിൽ പാട്ടും നിജവാടിയും നിരർത്ഥം. 45

ഇഹ ദേവകൾപോലുമാഗ്രഹിയ്ക്കു-
ന്നിവൾതൻ യോഗവുമത്ര ദുർല്ലഭം തേ;
മുകിൽ മൂടിടുമിന്ദുകാന്തി മേഘാ-
വസരത്തിൽ കുമുദത്തിനെന്നപോലെ. 46

അതിനാലവൾതന്നടുക്കൽ ഞാൻ പോ-
യധുനാ നിൻസ്തവമല്പകാരമോതാം;
അവൾതൻഹൃദയത്തിലെത്തിടും നീ-
യമരേന്ദ്രന്നുമചാല്യനെന്നവണ്ണം. 47

ഭവദാശയമൊന്നു താൻ ഗ്രഹിയ്ക്കാ-
തിവനിച്ചെയ്ത നിവേദനം വിനിന്ദ്യം;
നിജ സംഗതി, സജ്ജനം ഫലംകൊ-
ണ്ടുരചെയ്യുന്നിതു, വാക്കിലല്ല തെല്ലും.” 48

ദ്വിജരാജനിൽനിന്നുദീതമാമീ-
ശ്ശുചിയാം വാഗമൃതം സമാസ്വദിച്ച്
ഇവനോ! ബഹുതൃപ്തനായ് തദുദ്ഗാ-
രക്മോടൊത്ത; സിതസ്മിതങ്ങൾ തൂകി. 49

അരുണാംബുജമൊത്ത കൈകൾകൊണ്ടാ-
ദ്ധരണീജാനി തലോടിയാ ഖഗത്തെ;
പ്രിയവാദസുധാരസം സ്രവിയ്ക്കും
വചനം മുത്തൊടു മന്ദമേവമോതി:— 50

“തവ രൂപമഗണ്യശോഭമെന്ന,-
ല്ലവചോഗോചരമാസ്സുശീലഭാവം;
ഗുണമാകൃതിയിങ്കലെന്നു സാമു-
ദ്രികസിദ്ധാന്ത;മതിൻനിദർശനം നീ. 51

അഴകാന്ന വപുസ്സു മാത്രമല്ലാ,
മൊഴിയും തേ നിയതം സുവർണ്ണരൂപം;
ദിവി മാത്രവുമല്ല; പക്ഷപാതം
ധ്രുവമസ്മാദൃശരോടുമൊപ്പമത്രേ. 52

ബഹുതാപമെഴും നമുക്കു യുക്തം
കുളിർകാററെന്നവിധം ഭവാൻെറ യോഗം;
നിധിതാൻ ധനികൾക്കു; സത്തുകൾക്കോ!
ഗുണവത്സന്നിധിതാൻ മഹാനിധാനം. 53

ഭുവനത്രയമോഹനൗഷധം താ-
നവ,ളെന്നായ് പലപോതു കേട്ടിരിപ്പൂ;
പരമിന്നവൾ നീ പറഞ്ഞ വാക്കാൽ
കരളിൽപ്പെട്ടിതു കണ്ടറിഞ്ഞവണ്ണം. 54

തനതാശയവും സുഹൃത്തുമെന്നാ-
ലനഘം സർവ്വമറിഞ്ഞിടാം ബുധൎക്കും
സവിധത്തിലുമിങ്ങസൂക്ഷ്മദർശി-
സ്ഥിതിയാലക്ഷികൾ വക്ത്രഭൂഷണം താൻ. 55

മധുപോൽ മധുരം ജനങ്ങൾ ചൊന്നെൻ-
മനതാരിൽ സ്ഥിതമാവധൂചരിത്രം
മദനാഗ്നിയെരിയ്ക്കുവാനധൈര്യാൽ
മമ കഷ്ടം ഖഗ! വീശുപാളയത്രേ. 56

വിരഹാനലദാരുവാകുമീ ഞാൻ
വിഷമം യാമ്യമതാം മരുദ്ഗണത്തെ
വിപുലം മലയാഹിമണ്ഡലത്തിൻ-
വിഷഫൂൽകാരകമെന്നു താൻ സ്മരിപ്പൂ. 57

പ്രതിമാസവുമീസ്സുധാംശു, ഭാസ്വാം-
പതിയോടാഞ്ഞണയുന്നതെന്തിനെന്നാൽ,
മതിധൈര്യമകററിടും കഠോര-
ധൃതിയാൽ മദ്ദഹനത്തിനാണുതന്നെ. 58

മലർതാൻ മദനാസ്ത്രം; അല്ല വജ്രം,
തുലയോർത്താൽ വിഷവൃക്ഷപുഷ്പമാകാം;
ഫലമോ! ഹൃദി മൂർച്ഛതന്നെ,യെന്ന-
ല്ലലമേകുന്നിതു ഭൂരിതാപവും മേ. 59

കരയററൊരു കാമസായകാൎത്തി-
ക്കടലിൽ താണലയുന്നെനിയ്ക്കു നിന്നെ,
കൃപയാൽ വിധിതാൻ സഹായമാക്കി-
ക്കൃതസാന്നിദ്ധ്യമയച്ചു പോതമായി. 60

നവമായ് ഖഗ! കാൎയ്യസിദ്ധി തന്നിൽ
തവ മൽപ്രേരണ പിഷ്ടപേഷമാകും
സഹജം സുജനത്തിനന്യകാൎയ്യം
ഗ്രഹണത്തിന്നു യഥാൎത്ഥഭാവമൊപ്പം. 61

തവ പദ്ധതി ഭവ്യമായ് വരട്ടേ;
ധ്രുവമെന്നാലയി! പോയ് വരാം ക്ഷണത്തിൽ;
ഇവനീപ്സിതസിദ്ധി ചേൎക്ക, കാൎയ്യോ-
ദ്ഭവകാലം സ്മരണീയരാണു നമ്മൾ. 62

ധരണീപതി വാഗധീശനീമ-
ട്ടരയന്നത്തെയയച്ചു ധൈൎയ്യമോടെ,
സരസം കളഹംസശംസിതം കേ-
ട്ടരമാക്കാനനഗേഹമാൻ വാണു. 63

തദനന്തരമാട്ടിനം വരാംഗീ-
വദനം കണ്ടു കൃതാൎത്ഥമാകുവാനായ്
ജഗതീതിലകം വിദൎഭഭൂഭൃ-
ന്നഗരം നോക്കിയുടൻ പറന്നു പക്ഷി. 64

വഴിയിൽ പരമാദ്യമദ്ധ്വനീന-
ക്കുഴൽ തീൎത്തീപ്സിതസിദ്ധിശംസിയായി
മുഴനീരണികുംഭമൊന്നു നേരേ
മിഴികൾക്കായവനാശ്രയീഭവിച്ചു. 65

നിജഗമ്യപദം ഗ്രഹിയ്ക്കുവാനായ്
ക്ഷണമാശ്ചര്യരസാൽ പതുക്കെ വാനിൽ
വിചരിച്ചവനാവനത്തിൽ നിൽക്കും-
നറുതേന്മാമ്പഴമക്ഷിലക്ഷ്യമായി. 66

ഗഗനേചരമാം ഗജാബ്ദമൊത്തും
വിടപച്ഛന്നതരക്ഷുനാഗമായും
വിലസും നഗമേകമഭ്രശാഖാ-
വിപുലം കണ്ടിതു പിന്നെയാ ഖഗേന്ദ്രൻ. 67

ക്ഷണമാച്ഛദമൂലമാശു വിശി-
ക്ഷണമൂർദ്ധ്വായതിയാലലക്ഷ്യനായും
ഇളകാതെ പരത്തിയും പതത്രം
ക്ഷണമാക്കും രസമേകി യാത്ര ചെയ്തു. 68

ദ്രുതിയാലവലോകിലോകനത്തെ
ഗതയാകും തനുരശ്മിധാരയാലെ
പതഗം നികഷാശ്മമൊത്ത വാനിൽ
ഛദഹേമത്തെയുരച്ചുമിന്നി നൂനം. 69

പതഗാവലി കീഴൊതുങ്ങിനിന്നി-
ട്ടിതുതാൻ ശ്യേനനിപാതമെന്നുറച്ച്
സ്വദഢാൽകൃതപത്രവീഥിയാം തദ്-
ഗതി വാനത്തൊരു കണ്ണുകൊണ്ടു നോക്കി. 70

ഭുവി തന്നിഴൽ കണ്ടു ലോകർ ചുററും
ദിവി നോക്കീട്ടുമിവൻെറയാർജ്ജവത്താൽ
അവലോകപഥം കടന്നുപോകു-
ന്നവനെക്കണ്ടതുമില്ല തെല്ലുമെങ്ങും. 71

ഗതിവേഗവശാൽ സ്ഖലിച്ചിട്ടും ഭാ-
സ്സുതിരും ഹംസമിതെങ്ങുമാവനത്തിൽ
പഥി വിശ്രമമാൎന്നതില്ല; ഹംസീ-
രതികേട്ടേററവരിയാടിപോലുമില്ല. 72

ഹിമവദ്ഗിരിയൊത്തസൗധഭാസ്സാൽ
വിമലം ഭീമഭുജാവിതം വിശാലം
സുമനോഹരമാവിദൎഭരാജ്യം
ക്രമമായ് കണ്ടിതു പിന്നെയാ ഖഗേന്ദ്രൻ. 73

സ്ഫടികാകൃതിയായ് ശശാങ്കഖണ്ഡ-
സ്ഫുടസാദ്ഭിത്തിയെഴും ഗൃഹങ്ങൾ മുന്നിൽ,
ക്ഷിതി, തൻപതിയെക്കുറിച്ചു തൂകും
രതിഹാസാങ്ങൾ കണക്കെ മിന്നി നിത്യം. 74

അരചന്റെ, മഹേന്ദ്രനീലഗേഹ-
സ്ഫുരണവ്യാജവശാലിരുട്ടതിങ്കൽ;
ശരണാഗതമായ്ദിനേശഭീയാൽ
സ്ഥിരമായ്വാണിതഹസ്സിലും വിശങ്കം. 75

സ്ഫുടമായ് ഗഗനാന്തമുല്ലസിയ്ക്കും
സ്ഫടികത്തുമണിദീപ്രമന്ദിരത്തിൽ
തുടരെത്തിഥി മുപ്പതും പ്രകാമം
വടിവിൽ പൂൎണ്ണകളായ് വിളങ്ങി രാവിൽ. 76

മഹിളാപ്ലവനേന കുങ്കുമം ചേ-
ൎന്നഹിതം ഭൂരികഷായമായവാപി,
ഇഹ പിന്നെയനേകരാത്രികൊണ്ടും
ഗൃഹിളാമാനിനിപോൽ തെളിഞ്ഞതില്ല. 77

നിശി തത്പുരി മൗനമാർന്നൊരല്പം
നിജവപ്രാവലിയോഗപട്ടമേന്തി
നിരഘം മണിവേശ്മരമ്യമാകു-
ന്നൊരു തേജസ്സിനെയുള്ളിലാവഹിപ്പൂ. 78

പരിഖാകപടാൽ സ്ഫുടം സ്ഫുരിക്കും
പ്രതിബിംബാനവലംബമാം ജലത്തിൽ
പെരുതാം ഹ്രദമൊന്നിനുള്ളിൽ നന്നാ-
യനുബിംബിച്ച വിധം വിളങ്ങി നാകം. 79

നിലയാവലിതൻ ചലത്പതാകാ-
ഞ്ചലമണ്ഡാഹതി വാനിലോളമെത്തി
ഹരിദശ്വഹയങ്ങളെത്തെളിച്ചി-
ട്ടരുണന്നേകിവരുന്നു വിഭ്രമത്തെ. 80

അടിയോടിടമേൽ നിറഞ്ഞു മുപ്പാ-
രുടയോരോരൊ നിജാങ്കമാർന്നനല്പം
ക്ഷിതിഗർഭധരാംബരാലയശ്രീ-
വടിവൊത്തിപ്പുരമെത്രയോ വിചിത്രം. 81

സ്ഫുടമംബുദനീലകണ്ഠഭാവ-
ത്തൊടു, മത്യച്ഛസുധോജ്ജ്വലാംഗമാർന്നും,
തടവെന്നിയെയിന്ദുശേഖരത്വം
തടവിത്തന്നെ വിളങ്ങി രാജഗേഹം. 82

അമരം ബഹുരൂപപുത്രികാളീ-
വദനേന്ദുക്കളിലങ്കമാം മൃഗത്തെ
അതിലുള്ളോരനേകസൗധകണ്ഠ-
സ്ഥിതസിംഹങ്ങൾ വിഴുങ്ങിയെന്നു തോന്നും. 83

ബലിസദ്മദിവം ത്രിവിഷ്ടപോർദ്ധ്വ-
സ്ഥിതമെന്നാമുനി നാരദൻ കഥിച്ചു;
ക്ഷിതിമണ്ഡനമിപ്പുരം മറിച്ചി-
ന്നതിനെത്താനധരീകരിച്ചിടുന്നു. 84

വറതൻ മണമോത്തു പാന്ഥരെത്തും
തെരുവിൻവീഥികൾതോറുമാപ്പുരത്തിൽ;
തിരികല്ലുകൾതൻ ഖരസ്വരം കാർ-
നിരയിന്നും കലഹാൽ വിടുന്നതില്ല. 85

കനകാവൃതി മേരുശൈലമങ്കാ-
ഗതയാം മാനിനിയായ വാനിനൊപ്പം
പുരിയേ, ഘനരത്നമാം കവാട-
ച്ഛദമാന്ന്വ പരിഷ്വജിച്ചു വാണു. 86

പകലൊക്കെയുമുജ്ജ്വലിയ്ക്കുമർക്കോ-
പലവപ്രങ്ങളിൽനിന്നുയന്ന വഹ്നി
പരമിപ്പുരിയെച്ചുഴന്നു ബാണാ-
സുരരാട്ടിൻനഗരത്തിനൊപ്പമാക്കി. 87

പരലെണ്ണുകയാൽ വിലങ്ങെ നീങ്ങും
കരമാം ഞണ്ടുകൾ, ശംഖരത്നജാലം,
ഘനസാരമണൽപ്രദേശമേവം
തെരുവാം വങ്കടലുച്ചമായ് നടിച്ചു. 88

പല വീടുകളിൽപ്പുടുക്കമിന്ദൂ-
പലമൊത്തുല്ലസദട്ടകുട്ടിമത്തിൽ
ജലമേററിടുമഭ്രഗംഗ സാധ്വീ-
നില വിട്ടില്ല വിധൂദയങ്ങൾതോറും. 89

പൃഥുലേപനരാശി വിററിട്ടുന്നാ-
ത്തെരുവിൽപ്പെട്ടണികുങ്കുമാപണങ്ങൾ
ചരമാർക്കനിൽനിന്നു വിട്ടു താനേ
വരുമാച്ചെങ്കതിരായ് വിളങ്ങി നൂനം. 90

മുതലാളികൾ വില്പനയ്ക്കു വച്ചും
പല വസ്തുക്കളുമത്ര കണ്ടു ലോകർ;
ഹരിതന്നുദരത്തിനുള്ളിൽ വിശ്വ-
സ്ഥിതിയാദ്ദിവ്യമൃകണ്ഡുസൂനുപോലെ. 91

മണമോർത്തു കറുത്തിരുണ്ടു ലോഭാ-
ലണയും വണ്ടിനെയേണനാഭിയൊപ്പം;
പണിതാ,വറിയാതെ തൂക്കി; ലോക-
ധ്വനിയാൽ കേട്ടതുമില്ല മൂളൽപോലും. 92

പകലൊക്കെയെരിഞ്ഞു ചൂടുതട്ടി-
പ്പുരമാളും രവികാന്തസേതുമാർഗ്ഗേ
കുളിരുള്ളിരവിൽ ചരിപ്പവർക്കാ-
ഹിമമേതും ചരണാർത്തി ചേർത്തതില്ല. 93

ശശിരശ്മികളേററെഴും പയസ്സാൽ
ശിശിരം ചന്ദ്രദൃഷത്പ്രക്ലുപ്തമാർഗ്ഗം
നളശീലസമം തപത്തിലാളും
കലിതീവ്രം കടുവേനൽ വാട്ടിയില്ല. 94

പരിഖാവലയച്ഛലേന ചൂഴും
വരയാർന്നീ നഗരം പരാനവാപ്യം
വിഷമം വിലസുന്നിതത്ര പാത-
ഞ്ജലഭാഷ്യസ്ഥിതകുണ്ഡലീസമാനം. 95

കരവും, കഴൽകൺമുഖങ്ങൾ തണ്ടാർ-
നിരയാൽ; മററവ ചമ്പകങ്ങൾകൊണ്ടും
വിരചിച്ച വിദർഭകന്യ താനേ
സ്മരപൂജാമലർമാലപോലെ മിന്നി. 96

ജഘനസ്തനഭാരഗൌരവത്താൽ
ഗഗനത്തിൽക്കളി ദുഃഖമെന്നു തോന്നി,
അമരീജനമിപ്പുരത്തിലെത്തി-
ട്ടവൾതൻ തോഴികളായിതെന്നു തോന്നും. 97

നഗരം ബഹുചിത്രമെത്രയും നൽ-
സ്ഥിതി വായ്ക്കും ബഹുവർണ്ണപുഷ്ടിയേയും
കലിതാധികവക്ത്രശോഭമാന്നാ-
സ്വരഭേദത്തെയുമെങ്ങനേ വഹിയ്ക്കാ? 98

ദിവസംപ്രതി പദ്മരാഗഗേഹാ-
വലി വെയ്ലേററു പിപാസ പൂണ്ടു പിന്നെ
നിശി ചെങ്കതിർകാന്തി ചിന്തിടും നൽ-
ക്കൊടിയാൽ ചന്ദ്രനെയേററവും സ്വദിപ്പൂ. 99

വിമലം നൃപപദ്മരാഗഗേഹം
രവിതൻ രശ്മികളേററു തൃഷ്ണയോടെ,
നിശിതന്നൊളി ചിന്നി നാവിനൊക്കും-
കൊടി കൊണ്ടിന്ദുവിനേ നുകന്നിടുന്നു. 100

വളഭീമുഖശോഭിയായ മഞ്ഞ-
ക്കൊടിയാൽ മിശ്രിതമാം സുധാംശുബിംബം
വലയായിതശേഷശായി പീതാം-
ബരനാം ദേവനു സാമ്യമാന്നിരുന്നു. 101

എന്നും വേദങ്ങളോതും ശുചിമുഖമതിൽനി-
ന്നുള്ളനേകസ്തവത്തിൽ
സന്നദ്ധൻ നാന്മുഖൻതാൻ പുതിയ സുരപുരീ-
സൃഷ്ടി മുട്ടിച്ചമൂലം
മുന്നം ഗാധേയനദ്ധ്വം പണിതവിടെ വെടിഞ്ഞാ-
വിയദ്ഗംഗയെന്നായ്
തോന്നും തന്മാളികപ്പൂങ്കൊടി പവനനിള-
ക്കീട്ടു വീശുന്നു വാനിൽ. 102

വിമലമഹേന്ദ്രനീലമണിമന്ദിരകാന്തികളാൽ
ഭ്രമരിതഭാസ്സെഴും ധവളസൗധപതാക പരം
ദ്യുമണിവരാങ്കമാൎന്നു വിഹരിച്ചു ചലിച്ചു തദാ
ശമനസഹോദരീശ്രിയുത പൂണ്ടു വിളങ്ങി ദൃഢം. 103

മന്നവൻെറ കളിമേടതന്നരികിൽ വിശ്രു-
മാൎത്ഥമണയും ഘനം-
തന്നിലാ നഗരനാരിതന്നരിയകേളി-
സൗധശിഖരംവഴി
ചെന്നുകേറി ദിവി ദേവസുന്ദരി വിമാന-
മേറിയവിധം രസം
ചിന്നി മേഘജവമൊത്തു പാഞ്ഞിമയടപ്പിൽ
മാത്രമവർ ഭിന്നരായ്. 104

ഭൈമീലീലാചലത്തിൻമരതകശിഖരാൽ
പൊന്തുമക്കാന്തിശഷ്പം
ബ്രഹ്മാണ്ഡത്തട്ടിൽ മുട്ടിജ്ജവമദഗതി പോയ്
സത്രപം താഴ്ത്തി വക്ത്രം

ചെമ്മേ പോന്നുദ്ഭവക്ത്രത്തൊട്ടു ദിവി മരുവും
ഗോക്കൾതൻവായിലെത്തി-
ദ്ധർമ്മപ്പുല്ലേകിട്ടും നൽസുകൃതമധികമായ്
തത്ര വർദ്ധിച്ചു നിത്യം. 105

ശശാങ്കകരമേല്ക്കയാൽ ശശിദൃഷൽപ്രകൎഷങ്ങളാം
വിശാലതരുജാതിതൻതറകൾ തോയപൂർണ്ണങ്ങളായ്
കുശാദികനിഷേകധൂർവ്വഹത വന്ധ്യമാക്കീട്ടുമ-
ക്കൃശാംഗിയുടെ വാടിയാൽ ഖഗമനം ഹരാകൃഷ്ടമായ്.

സപദി കനകഹംസം തുല്യഭാസ്സുല്ലസിക്കും
സഖികളുടെയിടയ്ക്കായ് മിന്നുമക്കന്ന്യയേത്താൻ
സരസമുഡുഗണത്തിൻമദ്ധ്യസംസ്ഥേന്ദുലേഖാ-
സദൃശമരിയ തേജസ്സാൎന്നു കണ്ടാനകുണ്ഠം. 107

എവിടെയിന്നിയിറങ്ങാമെന്നു പൊൻകാന്തി ചിന്തി-
ച്ചിവി ജവമൊട്ടു ചുററിസ്സഞ്ചരിച്ചദ്വിജേന്ദ്രൻ
ഇവളുടെ മുഖചന്ദ്രാരാധനയ്ക്കാഞ്ഞിറങ്ങും
വിധുപരിധിയൊടൊക്കും മണ്ഡലീഭാവമാന്നാൻ. 108

ആരാമത്തിലനാകുലം സഖികളോ-
ടൊന്നിച്ചു തന്നിച്ഛയൊ-
ത്താരാൽ ലീലകൾ ചെയ്യുമസ്സുദതിയേ
വീക്ഷിച്ചു പക്ഷീശ്വരൻ;
ആ രംഭാദിസഖീജനങ്ങളൊരുമി-
ച്ചിന്ദ്രാണിയും നന്ദന-
സ്ഥാരാനന്ദമിവണ്ണമിങ്ങനുഭവി-
ക്കുന്നില്ല,യെന്നോർത്തുതേ. 109

താതൻ ശ്രീഹീരസംജ്ഞൻ കവികുലമകുടീ-
മൗലി, മാമല്ല ദേവീ
മാതാ, ശ്രീഹർഷനേതൽസുകൃതഫലഭവൻ
സദ്ഗുണാതീന്ദ്രിയാത്മാ
സ്ഫീതം തന്നൈഷധീയം ചരിതമിഹ മഹാ-
കാവ്യമവ്യാജശൃംഗാ-
രോദഗ്രം പ്രാഗ്ര്യമിപ്പോളിതിലിവിടെയിതാ
രണ്ടു സർഗ്ഗങ്ങളായി. 110

രണ്ടാം സർഗ്ഗം കഴിഞ്ഞു.

ഭാഷാനൈഷധം വ്യാഖ്യാനം

ഒന്നാം സർഗ്ഗം

ശ്ലോകം ൧. ആകണ്ഠം=കഴുത്തുവരെ. ബുധന്മാർ=വിദ്വാന്മാർ, ദേവന്മാരെന്നും. മഹസ്വി=പ്രതാപമുള്ളവൻ; തേജസ്വി എന്നും. സുധാ=അമൃതു്. അനാദരിക്കുക=നിരസിക്കുക. മഹോജ്വലൻ=അത്യുജ്വലൻ, അതിശൃംഗാരി, നിത്യോത്സവയുക്തൻ എന്നും. അവൻ നളൻ=ആ നളൻ.

൨. കലി=കലിയുഗം. സദ്രസം=ശൃംഗാരാദി; ശുദ്ധജലം എന്നും. പരിശുദ്ധി=പരിപാവനത്വം; ക്ഷാളന, നിർമ്മലീകരണം എന്നും. കാർക്കോടകസ്യ നാഗസ്യ ദമയന്ത്യാ നളസ്യ ച ഋതുവർണ്ണസ്യ രാജർഷേഃ കീർത്തനം കലിനാശനം എന്നു മേലെഴുതിയതിനു പ്രമാണം.

൩. ചതുർദശവിദ്യകൾ=പതിനാലു വിദ്യകൾ. ചതുർദശത=നാലവസ്ഥകളോടുകൂടിയതാവു എന്നുള്ളതു്. പതിന്നാലു് നലോകമ്പോൾ അമ്പത്താറു് എന്നും അർത്ഥമുണ്ടു്. പഠിച്ചു, അറിഞ്ഞു, ആചരിച്ചു, പ്രചരിപ്പിച്ചു എന്ന നാലു് ഉപാധികൾ വരുമ്പോൾ ആകെക്കൂടി ൫൬ ആകുമല്ലോ. അംഗാനി വേദാശ്ചത്വാരോ മീമാംസാന്യായവിസ്തരഃ പുരാണം ധർമ്മശാസ്ത്രം ച വിദ്യാഹ്യേതാശ്ചതുർദശ. ഇങ്ങനെ പതിന്നാലു വിദ്യകൾ.

൪. അംഗങ്ങൾ=ജ്യോതിഷാദി ആറു വേദാംഗങ്ങൾ; മധുരാദി ഷഡ്രസങ്ങൾ എന്നും, കരചരണാദ്യംഗങ്ങൾകൊണ്ടുള്ള അഭിനയങ്ങൾ എന്നും. ഗുണം=അധികോന്നതത്വഭാവം. ആവൃത്തി എന്നും സൂദകരണം എന്നും അർത്ഥമുണ്ടു്. ജിഹ്വാരംഗത്തി........വിദ്യ=ഇവന്റെ ജിഹ്വയിൽ നൃത്തം ചെയ്യുന്ന വിദ്യ, സൂദവിദ്യ എന്നും. ജയശ്രീസമ്പജ്ജിഗീഷ=ജയശ്രീസമ്പത്തിനെ ജയിക്കാനുള്ള ഇച്ഛ. മുമ്പറഞ്ഞ പതിനാലുവിദ്യകളും ആയുർവേദം, ധനുർവേദം, ഗാന്ധർവവേദം, അർത്ഥശാസ്ത്രം ഈ നാലുംകൂടി ആകെ വിദ്യകൾ പതിനെട്ടാകുന്നു.

൫. കാമപ്രവൃത്തി=സ്വേച്ഛാവൃത്തി, കാമന്റെ പ്രവൃത്തി എന്നും. നളൻ ശിവന്റെ അവതാരമെന്നു് പുരാണപ്രസിദ്ധി.

൬. കൃതം=കൃതയുഗം. നാലു പദങ്ങൾ=നാലു കാലുകൾ. ധർമ്മം=സുകൃതം. ധർമ്മം വൃഷഭരൂപമാകയാൽ നാലു കാലുകൾ യുക്തമാകുന്നു. തപസ്വിഭാവം=താപസത്വം, ദുഃഖിതത്വം എന്നും.

൯. ഘനാത്മകൻ=ദൃഢാകാരൻ. (മേഘരൂപം എന്നും) വരചാപഘോഷം=കഠിനമായ ഞാണൊലി; ഇന്ദ്രധനസ്സ്, ഇടിമുഴക്കം എന്നും. അധികാശുഗവൃഷ്ടി=ഏററവും ഉള്ള ശരവർഷം, കഠിനമായ കാറേറാട്ടകൂടിയ മഴ എന്നും. പ്രതാപശിഖി=പ്രതാപമാകുന്ന അഗ്നി. ദ്വിഷദ്ഗണം=ശത്രുസംഘം.

൧൦. ഭീമപ്രതാപശിഖി=ശത്രുക്കൾക്ക ഭയജനകമായ പ്രതാപാഗ്നി.

൧൧. നിരീതിപദം=അതിവൃഷ്ട്യാദി ആറ ഈതികളോട്ടകൂടാത്ത നില. (അതിവൃഷ്ടി, അനാവൃഷ്ടി, മൂഷികൻ, ശലഭം, പക്ഷി, പ്രത്യാസന്നനായ രാജാവ് ഇവ ആറം എന്ന സാരം) ഈതികളെ നശിപ്പിച്ച സമയം അതിവൃഷ്ടി നിശ്ശരണമായിട്ട ശത്രുരാജാക്കന്മാരുടെ ഭാൎയ്യമാരുടെ നേത്രങ്ങളെ ആശ്രയിച്ചു. ശത്രുക്കളെ വധിക്കുകയും തൽഭാൎയ്യമാർ കരയുകയും ചെയ്തു എന്ന സാരം.

൧൨. തൽഗുണം=നളന്റെ വീൎയ്യശൌൎയ്യാദി ഗുണം നൂല് എന്നും. ദിഗംഗനാംഗെ=ദിക്കുകളാകുന്ന സ്ത്രീകളുടെ ശരീരത്തിൽ. വിമലകീൎത്തിപടം=നിൎമ്മലമായ യശസ്സാകുന്ന വസ്ത്രം.

൧൩. ഓജസ്സ്=പ്രതാപം. മിത്രവിജയം=സൂൎയ്യനെ ജയിക്കുഎന്നുള്ളതു്. അമിത്രജിത്തു്=ശത്രുക്കളെ ജയിക്കുന്നവൻ. സച്ചാരദൃക്ക്=നല്ല ചാരന്മാരാകുന്ന (ഗൂഢപുരുഷന്മാരാകുന്ന) കണ്ണുകളോട്ടകൂടിയവൻ. വിചാരദൃക്ക്=കാൎയ്യങ്ങളെ വിചാരിച്ചു കാണുന്നവൻ. അലങ്കാരം—വിരോധാഭാസം.

൧൪. പേരു്=കീൎത്തി. പരിവേഷമിഷാൽ=സൂൎയ്യചന്ദ്രന്മാരുടെ പരിവേഷമെന്ന വ്യാജേന. കുണ്ഡലരേഖ=വൃത്താകൃതിയിലിട്ടുന്ന വര. അല—സാപഹ്നവോൽപ്രേക്ഷ.

൧൫. അമരക്ഷിതിജാധികാൎത്ഥൻ=കല്പവൃക്ഷങ്ങളെക്കാൾ അധികമായ ഇഷ്ടദാനത്തെ ചെയ്യുന്നവൻ.

൧൬. കവി=കവിതക്കാരൻ (ശുക്രനെന്നും) ബുധൻ=വിദ്വാൻ (ബുധഗ്രഹം എന്നും) ബുധശുക്രന്മാർ സൂൎയ്യന്റെ സമീപവൎത്തികളാണെന്ന ഗണിതശാസ്ത്രസിദ്ധാന്തം. ദേവൻ=രാജാവു് (സൂൎയ്യദേവൻ എന്നും) അല—നിദൎശനശ്ലേഷസങ്കരം.

൧൭. ഊൎദ്ധ്വം=സൎവ്വോപരി വൎത്തിക്കുന്നതു്. ഊൎദ്ധ്വകരേഖ=ഉള്ളങ്കാലിൽ മേല്പോട്ടുള്ള വര. ഇതു് ഉത്തമലക്ഷണമെന്നു് സാമുദ്രികശാസ്ത്രസിദ്ധാന്തം. അല—ഉൽപ്രേക്ഷ.

൫൯. കുന്ദാസ്ത്രമിത്രം ഋതു=കാമബന്ധുവായ വസന്തം. അല—ഉപമാ

൬൦. ഗണിക്കുക=കണക്കാക്കുക. രോമകൂപസ്തോമച്ഛലേന=രോമകൂപസമൂഹമെന്നു് വ്യാജേന. അല—സാപഹ്നവോൽപ്രേക്ഷാസംസൃഷ്ടി.

൬൧. തൽബാഹുയുഗ്മം=ആ നളന്റെ രണ്ടു കൈകളും; അരി........ട്ടനം=ശത്രുക്കളുടെ കോട്ട പൊളിക്കുന്ന വിഷയത്തിൽ; അർഗ്ഗളപീനദൈർഘ്യം=സാക്ഷയുടെ (അന്തായത്തിന്റെ) വണ്ണവും നീളവും. ദൃഢവിശാലത=ഉറപ്പും വിസ്താരവും. അല—ഉൽപ്രേക്ഷ.

൬൨. സ്മിതജിതൻ=പുഞ്ചിരികൊണ്ടു ജയിക്കപ്പെട്ടവൻ; തദന്യ........ന്യത=നളന്റെ മുഖം അതിനെ ഒഴിച്ചു മററൊരു ഉപമാനവസ്തു ഇല്ലായ്കയാൽ; അപ്രതിമം=സാദൃശ്യമില്ലാതെ. അല—പദാർത്ഥഹേതു കാവ്യലിംഗം.

൬൩. ചമരി=ചമരിമാൻ. ബാലതതി=കുട്ടികളുടെ കൂട്ടം; (വാലുകളുടെ കൂട്ടം എന്നും) ബാലചാപല്യം=വാലിന്റെ ഇളക്കം (കുട്ടികളുടെ ചാപല്യം എന്നും) സ്വപു........പധി=തന്റെ വാലിന്റെ ചലനമെന്ന വ്യാജത്താൽ.

൬൪. നിന്നിമേഷനേത്രങ്ങൾ=അടച്ചുമിഴിയില്ലായ്ക.

൬൫. ജീവിതസാർത്ഥം=ജന്മസാഫല്യം; തദവീക്ഷ=നളനെ കാണായ്ക. വന്ധ്യം=നിഷ്ഫലം. കുംഭിനീശൻ=രാജാവു്. അഹിപ്രിയമാർ=നാഗസ്ത്രീകൾ; സർപ്പങ്ങൾക്കു കണ്ണും ചെവിയും ഒന്നാകയാൽ നളഗുണങ്ങൾ കേൾക്കുമ്പോൾ കാണ്മാനും കാണുമ്പോൾ കേൾക്കാനും സാധിക്കായ്കയാൽ തന്നത്താൻ സ്തുതിക്കയും നിന്ദിക്കയും ചെയ്യുന്നു.

൭൧. ഭോഗം=സർപ്പശരീരം (സുഖമെന്നും) ഭുജിക്കുക=ഭക്ഷിക്കുക. (അനുഭവിക്കുക എന്നും) അഴകാന്ന വയസ്സ്=ശോഭയുള്ള പക്ഷി—ഗരുഡൻ—(യൌവനം എന്നും) അനലനാണ്ടു്=അഗ്നിപരിവൃതമായ (നലനാണ്ട=എന്നു വിഗ്രഹിച്ചു നളസ്ഥിതമായ എന്നർത്ഥത്തെ കൂടെ ഗ്രഹിക്കണം) ബാണദേശം=ബാണാസുരരാജധാനി. അരുളുക=അധിവസിക്കുക. അല—ശ്ലേഷോപമാതിശയോക്തികൾ.

൭൨. വന്ദിസ്തുതി=സ്തുതിപാഠകന്മാരുടെ സ്തുതി. ഉരുകണ്ടകം=അധികമായ രോമാഞ്ചം.

൭൩. രഹസ്സ്=വിജനസ്ഥലം; നളശബ്ദം തുണപര്യായമായുമുണ്ടു്.

൭൫. ത്രൈലോക്യത്തിൽ വച്ചു് അതിസുന്ദരന്മാരായ ദമ്പതികളെ നീ ലീലാഗൃഹത്തിന്റെ ഭിത്തിയിൽ വരയ്ക്കണമെന്നു ദമയന്തി പറഞ്ഞ

തിനെ കേട്ട് ചിത്രകാരൻ ദമയന്തീനളന്മാരുടെ ചിത്രം എഴുതിയതു കണ്ടു ദമയന്തി സന്തോഷിച്ചു എന്നു സാരം.

൩൯. അദൃഷ്ടമഹിതാൎത്ഥം=മുമ്പു കാണാത്തതായ വസ്തു. അദൃഷ്ടശക്തി=ധൎമ്മാധൎമ്മവൈഭവം. സുപ്തി=ഉറക്കം.

൪൦. സ്വാപം=ഉറക്കം. ബാഹ്യേന്ദ്രിയോപരമം=ചക്ഷുരാദി ബാഹ്യേന്ദ്രിയങ്ങളുടെ വ്യാപാരഹീനത്വം. അഭിദൃഷ്ടൻ=നേരിട്ടു കാണപ്പെട്ടവൻ.

൪൧. ഹേമന്തകാലത്തു് പകൽ കുറയുകയും രാത്രി ഏറുകയും ഗ്രീഷ്മകാലത്തു് പകൽ ഏറുകയും രാത്രി കുറയുകയും ചെയ്യുമെന്നാണു ഗണിതശാസ്ത്രം. ദമയന്തിയ്ക്കു ഇതു വിപരീതമായി തോന്നി. കാമപീഡിതരുടെ സ്ഥിതി ഇപ്രകാരമാണു് എന്നു സാരം.

൪൨. കീൎത്തിഹാരം=യശസ്സാകുന്ന മുത്തുമാല. ഘടനാഗുണലക്ഷ്മി=നളനും ദമയന്തിയ്ക്കുമുള്ള പരസ്പരാനുരാഗത്തെ കൂട്ടിബന്ധിപ്പിക്കുന്നതിന്റെ ശോഭ.

൪൮. നിജ........ചരം=തന്റെ കാതുകൎക്കു വിഷയം. തദ്ധൈ........ശരം=നളന്റെ ധൈൎയ്യത്തെ കളയത്തക്ക ശരത്തോടുകൂടിയതു്. സ്വധനുർഗ്ഗുണം=തന്റെ വില്ലിന്റെ ഞാൺ. പ്രദ്യുമ്നൻ=കാമൻ. ശ്രവണഗോചരം=കൎണ്ണസമീപത്തിലാക്കുക എന്നതു്. അല—തുല്യയോഗിത.

൪൯. അജൻ=ബ്രഹ്മാവു്. വൈദ........തം=സൃഷ്ടിചാതുൎയ്യം. ധൈൎയ്യ........കം=ധൈൎയ്യരൂപമായ ചട്ടം. അല—വിരോധാഭാസരൂപകസങ്കരം.

൫൧. സാദം=തളൎച്ച. വിലേപനം=കുറിക്കൂട്ടു്. ഘന........രം=കൎപ്പൂരത്തിന്റെ ആധിക്യം. അല—അപഹ്നുതിഭേദം.

൫൨. സംസത്തു്=സഭ. വൈണികർ=വീണ വായിക്കുന്നവർ. പഞ്ചമം=പഞ്ചമസ്വരം. സംമൂൎഛനക്രിയ=സ്വരങ്ങളുടെ ആരോഹാവരോഹങ്ങൾ. സങ്കല്പദൃക്കു്=അന്തൎദൃഷ്ടി. (ഭ്രാന്തിവശാൽ ഉള്ളുകൊണ്ടു കാണുക എന്നുള്ളതു്) ദയിതോക്തി=ഭാൎയ്യയുമായുള്ള സല്ലാപം.

൫൪. രതി=രാഗം (കാമഭാൎയ്യ എന്നും) അനിരുദ്ധൻ=അസമൎത്ഥൻ (കാമപുത്രനെന്നും) ഏതൊരു വിവേകിയേയും കാമൻ രാഗവിഷയത്തിൽ അസമൎത്ഥനാക്കി ചെയ്യുന്നു എന്നൎത്ഥം. സൎഗ്ഗഗതി=സൃഷ്ടിപ്രകാരം. അല—സാമാന്യേന അൎത്ഥാന്തരന്യാസം.

൫൫. ആരാ........മിഷാൽ=ഉദ്യാനക്രീഡയെന്ന വ്യാജേന.

൫൯. സവയസ്സകൾ=തുല്യപ്രായക്കാരായ സ്നേഹിതന്മാർ. പുരോ........യാത്ര=രാജധാനിയ്ക്കടുത്ത ഉദ്യാനത്തിലേയ്ക്കുള്ള യാത്ര.

൭. ഖുരാഗ്രം=കുളമ്പുകളുടെ അഗ്രം. ജവം=വേഗം. ഭൂയസ്തരം=ഏററവും മഹത്വമുള്ളതു്. അശ്വമുഖ്യം=പ്രധാന കുതിര.

൮. സ്കന്ധം=ചുമൽ. ദേവമണി=ദേവമണി എന്ന ആവത്തം (ചുഴി) ഗളപൃഷ്ഠപഥം=കഴുത്തിൻെറ പിൻഭാഗം. സടാപടലകാന്തി=ജടാസമൂഹത്തിൻെറ ശോഭ.

൯. ഭൂഗർഭം=ഭൂമിയുടെ അന്തർഭാഗം. ധൂളിഭാഗങ്ങൾ=പൊടികളുടെ അംശങ്ങൾ. മനസ്സ് പരമാണുരൂപമാകയാൽ പൊടികളെ മനോരൂപങ്ങളാക്കി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

൧൦. പ്രോഥപ്രകമ്പം=നാസാഗ്രചലനം. ഭൂഭൃത്തു്=നളൻ. അശ്വമനസ്സ്=കുതിരയുടെ മനസ്സ് (അശ്വഹൃദയവിദ്യ എന്നും) സാധിഷ്ഠൻ=സജ്ജനാഗ്രേസരൻ.

൧൧. വിപദ്യ=രാജമാർഗ്ഗം. മഹാര.......വത്തി=മഹാരഥനായ ചക്രവത്തി. (തന്നേയും കുതിരകളേയും സാരഥിയേയും രക്ഷിച്ചുകൊണ്ടു യുദ്ധം ചെയ്യുന്നവനെന്നർത്ഥം) രദസിതാംശുമിഷാൽ=പല്ലുകളുടെ വെണ്മയെന്ന വ്യാജത്താൽ.

൧൨. വേഗാവലേപം=തന്നോളം വേഗം മററാക്കുമില്ലെന്നുള്ള അഹങ്കാരം. നാഗാന്തകൻ=ഗരുഡൻ. ആയതവക്ത്രരജ്ജുയോഗാൽ=നീണ്ടിരിക്കുന്ന കടിഞ്ഞാണിൻെറ ചേർച്ചയാൽ. പ്രതിഭടത്വം=ശത്രുത്വം. അലം=ഏററവും.

൧൩. ശശിസോദരത്വം=ചന്ദ്രസാദൃശ്യം (ചന്ദ്രനും ഉച്ചൈശ്രവസ്സും സമുദ്രജങ്ങൾ ആകയാൽ ഉള്ള സഹോദരത്വമെന്നും) സിന്ധുജം=സിന്ധുദേശത്തിൽ ഉണ്ടായതു്, (സമുദ്രത്തിൽ നിന്നു ജനിച്ചതെന്നും) ജിതാഖിലമഹീധരൻ=എല്ലാ രാജാക്കന്മാരേയും ജയിച്ചവൻ. (സകല പവ്വതങ്ങളേയുംജയിച്ചവനെന്നും) അനല്പനയനൻ=വിശാലനേത്രൻ. (സഹസ്രാക്ഷൻ=ഇന്ദ്രൻ) എന്നും.

൧൪. ഘൃണികൾ=രശ്മികൾ. ഹയവാഹനക്കാർ=കുതിരപ്പടയാളികൾ. രാജീവചിഹ്നം=പത്മരേഖയാകുന്ന അടയാളം. (പത്മപാണി—സൂൎയ്യൻ എന്നും) വാജീ.......ജേശൻ=ആശ്വമുഖ്യസഞ്ചാരിയായ നളൻ. അല—ഉപമാശ്ലേഷരൂപകങ്ങൾ.

൧൫. ദോഷജ്ഞൻ=വിദ്വാൻ. ജവനസപ്തി=വേഗമുള്ള കുതിര.

൧൬. ശല്യമുന=ആയുധങ്ങളുടെ അഗ്രം. സേനാമുഖേ=സേനകളേ തയ്യാറാക്കി നിൎത്തുന്ന സ്ഥലത്തു്. ഭട .....ഘം=കുതിരപ്പടയാളിക്കൂട്ടം.

൧൦. ഹരി=വിഷ്ണു. ഹരികൾ=കുതിരകൾ. ഗഗനാർദ്ധവിലംഘന ത്തിൽ=ആകാശമാർഗ്ഗത്തിലേക്കു പകുതി ചെന്നപ്പോൾ. (വിഷ്ണു വാമനാവതാരത്തിൽ ഒരു പാദംകൊണ്ടു സ്വർഗ്ഗത്തെ ആക്രമിച്ചു. ഹരികളായ നാം നാലുകാലുകൊണ്ട് ആകാശാന്തംവരെ എത്തിയാലും മാനമില്ല എന്നു വിചാരിച്ചിട്ടോ എന്നു തോന്നുമാറ് കുതിരകൾ ആകാശമദ്ധ്യംവരെ എത്തിയ ശേഷം പിന്തിരിഞ്ഞുപോന്നു. ഇതുകൊണ്ട് കുതിരകളുടെ പ്ലുതഗതി വൈശിഷ്ട്യം തോന്നിപ്പിക്കുന്നതല്ലാതെ ആകാശഗമനം വിവക്ഷിക്കുന്നില്ല.) അല—അതിശയോക്തി.

൧൧. സഹചാ......സ്തോമങ്ങൾ=കൂടെയുള്ള കുതിരപ്പടയാളിക്കൂട്ടങ്ങൾ. ജിന........പത്തി=ബുദ്ധമതതാല്പര്യം. കാമം=യഥേഷ്ടം. വിഹാരപദം=ക്രീഡോദ്യാനസ്ഥലം (ബൌദ്ധന്മാരുടെ പള്ളി എന്നും) മണ്ഡലാകൃതി=വട്ടത്തിൽ നിൽക്കുന്ന സ്ഥിതി. (ബൌദ്ധന്മാർ ഈശ്വരചിന്താസമയം വട്ടത്തിലിരിക്കുന്നു എന്നു പ്രസിദ്ധം) അല—ഉൽപ്രേക്ഷാ.

൧൨. ഗോഷ്പദമാത്രം=പശുക്കളുടെ കുളമ്പടികളോടു തുല്യം. ഗതികൾ=ആസ്കന്ദിതം, ധൌരിതകം, രേചിതം, വൽഗിതം, പ്ലുതം ഇങ്ങിനെ അഞ്ചുവിധത്തിലുള്ള കുതിരകളുടെ ഗതികൾ. മണ്ഡലോല്ക്കങ്ങൾ=മണ്ഡലാകാരേണ ഉള്ള സ്ഥിതിയിൽ താല്പര്യമുള്ളവ.

൧൩. വാജികൾ=കുതിരകൾ. ഭ്രമിപ്പിക്കുക=മണ്ഡലാകാരഗതികളെ ചെയ്യിക്കുക. വാത്യാമുഖാൽ=ചുഴലിക്കാററുമുഖേന. അല—ഉൽപ്രേക്ഷ.

൧൪. സുഷുപ്സാബന്ധം=ഉറങ്ങുവാനുള്ള ആഗ്രഹം. കാന്ത........ ....രുചി=മനോഹരങ്ങളായ തളിരുകളുടെ ശോഭ. (പവിഴങ്ങളുടെ കാന്തി എന്നും) വിലാ....ന്തം=ക്രീഡോദ്യാനമദ്ധ്യം. (വിലാസകങ്ങളുടെ—സർപ്പങ്ങളുടെ—അനനം—ജീവനം—എന്നും) നിതാ........കാന്തി=ഏററവും ഉള്ള നിരന്തരശോഭ. (മേഘകാന്തി എന്നും) നിതാന്തഘനകാന്തിയായ സമുദ്രത്തെ വിഷ്ണു എന്നപോലെ നളൻ ക്രീഡോദ്യാനത്തെ പ്രാപിച്ചു എന്നു സാരം. അല—ഉപമാശ്ലേഷങ്ങൾ.

൧൫. ആലോകപാലൻ=നളൻ; സത്ഫലപുഷ്പജാലഹേലോദയങ്ങൾ=നല്ല കായ് പൂവ് ഇതുകളുടെ സമൂഹത്തിന്റെ രാമണീയകത്വം; വിപിനപൻ=ഉദ്യാനപാലകൻ; ആലോകനാർത്ഥം=കാണ്മാനായിക്കൊണ്ട്; അല—സ്വഭാവോക്തി.

൭. വയോഗതി=പക്ഷികളുടെ പ്രാപ്തി; (വാർദ്ധക്യമെന്നും) ഉത്ഥി.... ......കമ്പം=കാററുകൊണ്ടുള്ള ഇളക്കം (വാതരോഗംകൊണ്ടുള്ള വിറയൽ എന്നും) പല്ലവകരേ=തളിർക്കൈകളിൽ. ഉത്തുംഗ.........കൾ=വലിയ വൃക്ഷങ്ങൾ (മഹത്തുക്കളായ വേദജ്ഞന്മാർ എന്നും) രൂപകശ്ലേഷസങ്കരോൽപ്രേക്ഷ—അലങ്കാരം.

൮. വ്യാകോ.........രങ്ങൾ=വിടിന്നിരിക്കുന്ന ദളങ്ങളുടെ കൂട്ടങ്ങൾ; വരകൈതകങ്ങൾ=നല്ല കൈതപ്പൂക്കൾ; (കൈതകത്തെ ശിവൻ ഉപേക്ഷിച്ചു എന്നു പുരാണപ്രസിദ്ധി)

൯. ശീർഷം=തല. പുകകുടിക്കുക=വൃക്ഷാദികൾ അകാലങ്ങളിൽ പുഷ്പിക്കാനും ഫലിക്കാനും ആയി ചെയ്യുന്ന പുകയേൽക്കുക. തപിക്കുക=ചൂടേൽക്കുക, (തപസ്സ് ചെയ്ക എന്നും) ദോഹദധൂപം=ചില ഔഷധങ്ങളിട്ടു പുകയ്ക്കുന്നതു്. ദാഡിമഫലാവലി=മാതളനാരങ്ങയുടെ കൂട്ടം. അല—ഉൽപ്രേക്ഷ.

൰. ഫല.........ഹൃത്ത്=കായകളാകുന്ന മുലകളിൽ പിളർക്കപ്പെട്ടതായും രാഗത്തോടു—ചുകപ്പിനോടു—അനുരാഗത്തോടു—കൂടിയുമിരിക്കുന്ന ഹൃദയം; ശുകാ.........കാസ്ത്രം=കിളിച്ചുണ്ടുകളാകുന്ന കാമൻെറ കിംശുക (പ്ലാശിൻമൊട്ടു്) ബാണം; ഉരുകണ്ടകം=വലുതായ മുള്ളുകളാകുന്ന രോമാഞ്ചം; ഡാഡിമി=താളിമാതളവല്ലി. വിയോഗിനി=വിരഹിണി (വികളുടെ—പക്ഷികളുടെ—യോഗമുള്ളതു് എന്നും) അല—രൂപകം. വിരഹിണികളും മേൽ പറഞ്ഞവസ്ഥകളൊക്കും.

൰൧. ചിത്തേ.........കളിൽ=വിയോഗികളുടെ ഹൃദയത്തിൽ. അർദ്ധേന്ദു=അർദ്ധചന്ദ്രാകൃതിയിലുള്ള ബാണം. പഥികാ.........ശനത്താൽ=വിരഹികളുടെ മാംസത്തിൻെറ ഭക്ഷണത്താൽ. പലാശം=പ്ലാശു്; സ്ഫുടം.........സാമ്യം=നല്ല പൂഞെട്ടിൻെറ സാമ്യം; യകൃത്ത്=ശരീരത്തിൻെറ വലത്തുപുറത്തുള്ള മാംസവിശേഷം. അല—ഉൽപ്രേക്ഷാരൂപകങ്ങൾ.

൰൨. ഉത്തും....ബനം=ധാരാളമായ വായുസ്പർശം (കസ്തൂരി, ഗോരോചന മുതലായ സുഗന്ധദ്രവ്യങ്ങളെ അണിഞ്ഞിരിക്കുന്ന നായകൻെറചുംബനമെന്നും) കമ്പം=ഇളക്കം (സാത്വികാവസ്ഥ എന്നും) ബാലവല്ലി=ഇളയവല്ലി; (നബാല=തരുണി. എന്നും) ഈ ശ്ലോകത്തിൽ കാമിനീകാമുകന്മാരുടെ പ്രസ്താവം തോന്നിക്കുന്നതിനാൽ അലങ്കാരം സമാസോക്തി.

൰൩. പതഗപാന്ഥർ=പക്ഷികളാകുന്ന വിരഹികൾ; കന്ദ....പികം=കാമപൂജയ്ക്കുള്ള വിളക്കു്; രൂപകാപഹ്നുത്യുപമകൾ—അലങ്കാരം.

൯൯. ർസാലഃസാലം=തേന്മാവു്.

൯൦. പികദ്വിജകുലം=കുയിൽപക്ഷിക്കൂട്ടം (ബ്രാഹ്മണസമൂഹമെന്നും)

൯൧. ഭൃംഗാ........ലിനം=വണ്ടിൻകൂട്ടത്താൽ മലിനം; സ്ഫുടഹേമപുഷ്പം=പരമേബയമുകുളം; കേതു=ധൂമകേതു. (കേതൂദയം ആപൽസൂചകമെന്നു ശാസ്ത്രം.)

൯൨. നാഗപുഷ്പം=നാഗവൃക്ഷത്തിന്റെ പൂവു്.

൯൩. പല്ല........ഗ്രം=പല്ലവങ്ങളുടെ (തളിരുകളുടെ, വിടന്മാരുടെ) മുള്ളുപോലെ ഇരിക്കുന്ന അഗ്രം (നഖാഗ്രം എന്നും) വിപ........ഫലങ്ങൾ=നല്ലവണ്ണം പാകം വന്ന ക്രുവളക്കായ്കൾ.

൯൪. യുവതിതയി=തരുണീതരുണന്മാർ; അംജഗതൂണി=കാമന്റെ ആവനാഴി.

൯൫. അസി........പം=കറുത്ത ഇലയുടെ നാശം. (കൃഷ്ണപക്ഷത്തിലെ ക്ഷീണാവസ്ഥ എന്നും) കബളമാക്കിയ=വിഴുങ്ങിയ; വമിക്കുക=ഛർദ്ദിക്കുക. അസുരഗ്രഹം=രാഹു; അഗസ്തി=അകത്തിവൃക്ഷം;

൯൬. തുഷാര........ദങ്ങൾ=മഞ്ഞിനാൽ വെളുത്തിരിക്കുന്ന ഇലകൾ; മഞ്ഞുപോലെ വെളുത്ത വസ്ത്രമെന്നും; ആവൃതി=മൂടൽ; കുസു ....ളി=പുഷ്പങ്ങളിലെ ക്രീഡ. (കാമകേളി എന്നും) അല--സമാസോക്തി.

൯൭. ഉത്സം........സ്ഥി=മടി. (സമീപദേശമെന്നും) ധാത്രി=ഭൂമി. (വളർത്തമ്മ എന്നും) തരുത്സങ്ങൾ=ആ കുട്ടികൾ; ഫല........വം=കായ്കളുടെ ഭാരം; (ഫലമാഹാത്മ്യമെന്നും) തത്സംഗമം=അതുകളുടെ ചേർച്ച; അല—സമാസോക്തി.

൯൮. അഹർദ്യുതി=വെയിൽ. രസം=സന്തോഷം.

൧൦൦. കുഹൂഃ=പികങ്ങളുടെ ശബ്ദം (കറുത്തവാവു് എന്നും) കുയിലുകൾ കുഹൂഃ കുഹൂഃ എന്നാണു ശബ്ദിക്കുന്നതെന്നു കവിസങ്കേതം.

൧൦൧. മർത്ത്യപൻ=രാജാവു്. അശോകം=അശോകവൃക്ഷം. നാമാർത്ഥം=അശോകശബ്ദാർത്ഥം. (ശോകം ഇല്ലായ്ക എന്നുള്ളതു്) ഗൃഹാ........മം=ഭാര്യയെക്കുറിച്ചു ദുഃഖിക്കുന്ന വിരഹികളുടെ കൂട്ടം; ഏകഗതി=മുഖ്യമായ ആശ്രയം. അലങ്കാരം—ഉൽപ്രേക്ഷാപഹ്നുതികൾ.

൧൦൨. പികാളിതതി=കുയിലുകളുടെയും വണ്ടുകളുടെയും കൂട്ടം. ഊർമ്മികൾ=ഉദ്യാനസരസ്സിലുള്ള ഓളങ്ങൾ. അല—അർത്ഥാന്തരന്യാസം.

൧൦൪. ആമോദം=സന്തോഷം. ആമോദം=പരിമളം.

൧൦൭. സ്വകേ........രം=തന്റെ കൊടിയടയാളമായ മത്സ്യം. (കയ്യിൽ മത്സ്യരേഖയുള്ളവൻ എന്നു സാരം) സുമ........നം=എല്ലാ ജന്തുക്കളും ചേൎന്നു നിബിഡമായതു്.

൧൦൮. നാഗേ........രുചി=അനന്തന്റെ വാലിന്റെ ശോഭ. ഉദ........നങ്ങൾ=വെള്ളത്തിൽ മുഴുകിയിരിക്കുന്ന ഐരാവതസമൂഹത്തിന്റെ ദന്തങ്ങൾ. അല—അപഹ്നുതി.

൧൦൯. കഛരം=വെള്ളത്തിനടുത്ത സ്ഥലം. ഊൎമ്മികശ=തിരമാലയാകുന്ന ചമ്മട്ടി.

൧൧൧. ചക്രം=ചക്രവാകപ്പക്ഷി. (സുദൎശനം) കമലാകരം=താമരകളുടെ ഉൽപത്തിസ്ഥാനം. (ശ്രീ ഭഗവതിയുടെ കയ്യ് എന്നും) ഭൃംഗസഖ്യം=വണ്ടിന്റെ ചേൎച്ച. (വണ്ടിന്റെ നിറമെന്നും) ബിസശേഷം=താമരവളയത്തിന്റെ ഖണ്ഡം, (വിസം പോലെ വെളുത്ത അനന്തൻ എന്നും)

൧൧൩. ശ്യാമാ........മിഷാൽ=കരിങ്കുവളങ്ങളുടെയും വെള്ളത്താമരകളുടെയും സമൂഹമെന്ന വ്യാജേന. ഹല........കഷം=കാളക്കൂടത്തിന്റെയും ചന്ദ്രന്റെയും ശോഭാധിക്യം. അല—സാപഹ്നവോൽപ്രേക്ഷ.

൧൧൪. ആദിത്യയോഗം=സൂൎയ്യസംഗമം.(ഇന്ദ്രന്റെ സമാഗമമെന്നും) ഉരുകണ്ടകം=ഏററവുമുള്ള മുള്ളു്. (രോമാഞ്ചമെന്നും) ആമോദം=സൗരഭ്യം. (സന്തോഷമെന്നും) അനുദിവം=പകൽതോറും. (സ്വൎഗ്ഗത്തിങ്കൽ എന്നും) ലക്ഷ്മീ........ഗൃഹം=ശ്രീഭഗവതിയ്ക്കിരിയ്ക്കാനുള്ള ഗൃഹം. (താമരയുള്ളതു്) ശോഭയ്ക്കിരിപ്പടമായ രൂപം.

൧൧൫. മരുത്തിരകൾ=കാററുകൊണ്ടു ഇളകുന്ന ഓളങ്ങൾ.

൧൧൬. സ്വച........വത്താൽ=തന്റെ ചുണ്ടുകളും കാലുകളും എന്ന വ്യാജേന. മാരാ........കന്ദം=മാരനാൽ സമ്പാദിതമായ പ്രണയവൃക്ഷത്തിന്റെ കിഴങ്ങു്.

൧൧൯. ദ്വിജദൎശനം=പക്ഷിയുടെ (ഹംസത്തിന്റെ) കാഴ്ച. സ്തോകാ........ഖം=അല്പമായ മനസ്സുഖം.

൧൨൦. ഭാവ്യൎത്ഥസിദ്ധി=മേൽ വരുവാനുള്ള ഫലം.

൧൨൨. അപ്പാംഗവൻ=വരുണൻ.

൧൨൫. സോൽക്ക........മ്പം=ഏററവും ഉൽക്കണ്ഠയോടും കരുണയോടുംകൂടിയ സ്ഥിതി. ഭംഗങ്ങൾ=ഓളങ്ങൾ.

൧൩൦. ശാത........യം=സ്വൎണ്ണമയം. ഹൈമകണം=മഞ്ഞുവെള്ളത്തുള്ളി. കമലോദയം=താമരയുടെയും ശ്രീയുടെയും (സമ്പത്തിന്റെയും)ഉദയം.

൧൩൪. ഭവഗർഹണം=സംസാരബന്ധത്തിലുള്ള വെറുപ്പ്. ആത്മ... വം=പുത്രദുഃഖമാകുന്ന സമുദ്രം.

൧൩൫. മൃദു.......ല്പി=മൃദുതാപത്തെയും ശൈത്യത്തെയും സൃഷ്ടിച്ചതു്.

൧൪൨. ചൂംകൃതി=ചൂം എന്നുള്ള ശബ്ദം.

൧൪൪. ചക്ര.......മിഷാൽ=വട്ടത്തിൽ പറക്കുക എന്ന വ്യാജേന.

ഒന്നാം സർഗ്ഗത്തിന്റെ വ്യാഖ്യാനം കഴിഞ്ഞു.

രണ്ടാം സർഗ്ഗം.

൧. പുരുഷോത്തമൻ=രാജാവു്. (വിഷ്ണു എന്നും) മുക്തിപദം=മോചനാവസ്ഥ. (മോക്ഷസ്ഥാനം എന്നും) പരമാനന്ദം=ഏററവും സന്തോഷം. (ബ്രഹ്മാനന്ദമെന്നും) ദ്വിജേന്ദ്രൻ=അരയന്നം. (ബ്രാഹ്മണശ്രേഷ്ഠനെന്നും)

൨. കരപീഡന........രതാപം=കയ്യുകൊണ്ടു പിടിക്കയാൽ നിമ്നോന്നതമായിത്തീർന്ന ശരീരസ്ഥിതി. പക്ഷതി=ചിറകിന്റെ ചുവട്ടു്.

൩. സാര........ഹങ്ങൾ=പൊയ്കയിലുള്ള മററു പക്ഷികൾ.

൪. ശ്രിത........ഞ്ചിതൻ=സരസ്സിനെ ആശ്രയിച്ചും വളരെ പായലുകളോടുകൂടിയും ഇരിക്കുന്ന പ്രദേശത്താൽ പൂജിതൻ. (ശിവസംബന്ധികളായ ലക്ഷണങ്ങളെക്കൊണ്ടു ശോഭിക്കുന്നവൻ എന്നും) ശത........ധിയാ=താമരയെന്ന വിചാരത്താൽ. ധൃത........ളിന്ദം=രുദ്രാക്ഷംപോലെ ഇരിക്കുന്ന വണ്ടിനെ ധരിച്ചതു്.

൫. ശ്രുതി........ഘടം=കണ്ണുശഷ്കുലികളാകുന്ന ഘടം. (കണ്ണുരൂപത്തിലുള്ള ഒരു മാതിരി വാദ്യവിശേഷമത്രെ ശഷ്കുലി എന്ന സാരം.) നിമഗ്നമായ സാധനത്തിനെ ഉയൎത്തുന്നതിനു് ഘടം ആവശ്യവുമാണു്. ഗതി=അവലംബം.

൧൦. സ്വകുലാശികൾ=തന്റെ വംശത്തിലുള്ള എളിയവരെ ഭക്ഷിക്കുന്നവ. നിജ........പീഡി=തന്റെ കുടിരിക്കുന്ന വൃക്ഷത്തെ പീഡിപ്പിക്കുന്നവ. അന...........ഘം=കുററംചെയ്യാതിരിക്കുന്ന തൃണത്തെ ഭക്ഷിക്കുന്ന മൃഗസമൂഹം. ദുഷ്ടനിഗ്രഹം രാജധൎമ്മമെന്നു സാരം.

൧൫. ത്രിജ........ന്മദം=മൂന്നു ലോകത്തിലുമുള്ള സുന്ദരിമാരുടെ സൗന്ദൎയ്യഗർവ്വം. ദമനംചെയ്ക=ശമിപ്പിക്കുക.

൯൯. ശിവ........രേഖ=ശിവൻെറ ശിരസ്സിലുള്ള ചന്ദ്രകല. തദ്വ്യവധാനം=അതിൻെറ (അവളുടെ) മറവു്. ധരിക്കുക=അറിയുക. പ്രത്യക്ഷമായിക്കാണുന്നില്ലെങ്കിലും ശിവൻെറ ശിരസ്സിലുള്ള ചന്ദ്രകലയെ എല്ലാവരും അറിയുന്നതുപോലെ ഭവാനും ദമയന്തിയെക്കുറിച്ചു് അറിയും എന്നു സാരം. അല—ദൃഷ്ടാന്തം.

൱൦. പശു=മൃഗം. അപുരസ്കരിയ്ക്കുക=പിന്നിലാക്കുക. (നിന്ദിക്കുക എന്നും)

൱൧. ശ്രുതിഗാമിത=ശ്രുതികളെ ഗമിയ്ക്കുക എന്നുള്ളതു്. ശ്രുതി=ശ്രവണം, കേൾവി, വേദാദി സ്തുതി എന്നിങ്ങനെ അനേകാർത്ഥപ്രതിപാദകമാകുന്നു. ലോകയുഗം=രണ്ടു ലോകം (മാതൃകുലവും പിതൃകുലവുമെന്നു സാരം) ദമയന്തി നിമിത്തം തൻെറ മാതാപിതാക്കന്മാരുടെ കുലങ്ങൾക്കു കൂടി പ്രസിദ്ധിയുണ്ടായി. ആ രണ്ടു കുലവും സർവ്വോൽകർഷേണ വർത്തിക്കുന്നു. കണ്ണുകളും അപ്രകാരം കാതുകൾവരെ എത്തി സർവ്വോൽക്കർഷേണ വർത്തിക്കുന്നു. ശ്രുതദൃഷ്ടങ്ങൾ=പുരാണാദികളിൽ കേട്ടിട്ടും കണ്ടിട്ടും ഉള്ള. ഗുണങ്ങൾ=സൗശീല്യാദികളും അപ്രകാരം സർവ്വോൽകർഷേണ വർത്തിക്കുന്നു.

൱൨. നിമ്ന........ലം=കുഴിഞ്ഞിരിക്കുന്ന ഖനിയിലുള്ള ആകാശത്തിൻെറ കറുത്ത നിറം. (ചന്ദ്രബിംബമദ്ധ്യത്തിലുള്ള നീലഛായ വലിയ കുഴിയിലെ കറുപ്പു് എന്നപോലെ തോന്നിക്കുന്നു എന്നു സാരം)

൱൩. ധൃത........യങ്ങൾ=തന്നാൽ ധരിക്കപ്പെട്ട ലാഞ്ഛനമാകുന്ന ഗോമയങ്ങൾ (ചാണകങ്ങൾ). സുധാ=കുമ്മായം. അമൃതു് എന്നും ഗോമയത്തിനു രശ്മിരൂപമെന്നുമർത്ഥമുണ്ടു്.

൱൪. ശല്യ........ന്നവർ=ബാണവർഷം ചെയ്യുന്ന അവർ (രതിമന്മഥന്മാർ) നളികങ്ങൾ=ശരാധാരദ്വാരങ്ങൾ—തോക്കു്—എന്നുമാം. അല—രൂപകോൽപ്രേക്ഷകൾ.

൱൫. നിജ........ഗുണം=തനിക്കു കാരണമായ ദണ്ഡ(കോൽ)ത്തിൽ നിന്നുണ്ടായ ചക്രഭ്രമത്തെ ചെയ്യുന്ന ഗുണം. ചക്രഭ്രമം=ചക്രവാകഭ്രാന്തി.

൱൬. ധൃതവേണികൾ=ദമയന്തിയാൽ ധരിക്കപ്പെട്ട കേശങ്ങൾ. ബർഹഗർഹണം=മയിൽപീലികളെക്കുറിച്ചുള്ള നിന്ദ. ബർഹി=മയിൽ. ഇഭം=ആന (ഐരാവതം)

൩൦. രംഭാതരു=വാഴയാകുന്ന മരം. ആത്തരുണീജനം=രംഭാ എന്ന അപ്സരസ്ത്രീ. അല—ഉൽപ്രേക്ഷാ.

൩൨. വിധിവാഹയുഗ്മം=ബ്രഹ്മാവിൻെറ വാഹനമായ അരയന്നദമ്പതികൾ. സഹംസകീകരിക്കുക=ഹംസകങ്ങ (കാൽചിലമ്പുകൾ)ളോടുകൂടിയതുകളാക്കി ചെയ്ക. ബ്രഹ്മവാഹനമായ അരയന്നദമ്പതികൾ ദമയന്തിയുടെ കാൽചിലമ്പുകളായിത്തീൎന്നു എന്നു സാരം.

൪൩. ഉദ്ബോ.......ബലം=സ്വാതന്ത്ര്യസിദ്ധമായ മനോനിശ്ചയം.

൪൪. ദമ........ഞ്ചിതം=ദമയന്തിയുടെ കിളികിഞ്ചിതം (ശൃംഗാരചേഷ്ടാവിശേഷം) ക്രോധാശ്രുഹർഷഭീത്യാദേഃസങ്കരകിളികിഞ്ചിതം—എന്നു ലക്ഷണം.

൪൮. മേഘാവസരം=വർഷകാലം.

൪൯. ദ്വിജരാജൻ=അരയന്നം (ചന്ദ്രനെന്നും) ശുചി=ശുദ്ധം—വ്യക്തം; (വെളുത്തതു് എന്നും) തദുദ്ഗാരം=ആ അമൃതത്തെ ഛർദ്ദിക്കുക എന്നതു്.

൫൨. സുവൎണ്ണരൂപം=സ്വൎണ്ണവൎണ്ണമുള്ളതു്. (ശോഭനാക്ഷരങ്ങളോടുകൂടിയതെന്നും) പക്ഷപാതം=ചിറകടി (ആനുകൂല്യസ്ഥിതി എന്നും)

൫൩. ഗുണ........നിധി=സജ്ജനസാഹചര്യം. മഹാനിധാനം=മഹത്തായ നിധി (സമ്പത്തു്)

൫൬. അസൂക്ഷ്മദൎശിസ്ഥിതി=നല്ലവണ്ണം കാണാത്തവസ്ഥ. വക്ത്രഭൂഷണം=മുഖത്തിനു കേവലം അലങ്കാരം.

൫൯. ഭാസാംപതി=സൂൎയ്യൻ. കഠോരദ്യുതി=തീക്ഷ്ണമായ സൂൎയ്യരശ്മി.

൬൮. ഖഗ! അല്ലയോ പക്ഷി! (അരയന്നമേ!) പ്രേരണ=പ്രവൎത്തന. പിഷ്ടപേഷം=പ്രവൎത്തിച്ചതിനെത്തന്നെ വീണ്ടും പ്രവൎത്തിക്കുക; ഗ്രഹണങ്ങൾക്കു=ജ്ഞാനങ്ങൾക്കു-ജ്ഞാനം സ്വതഃപ്രമാണം എന്നു് മീമാംസകസിദ്ധാന്തം. ജ്ഞാനങ്ങൾക്കു് യഥാൎത്ഥതാ (പ്രമാത്വം) പ്രാമാണ്യം സ്വതേതന്നെയുണ്ടാകുന്നതാണു്. പ്രമാ

ത്വ കജ്ഞാനസാമഗ്രികൊണ്ടുതന്നെ അതിൽ കിടക്കുന്ന പ്രമാതൃവും ഗ്രഹിക്കപ്പെടുന്നു എന്നു താൽപര്യം. അതുപോലെ സജ്ജനങ്ങൾക്കു പരപ്രേരണ കൂടാതെ പരാൎത്ഥപ്രവൃത്തി സഹജമാണു്. ഗ്രഹണപദത്തിനു് ശബ്ദം എന്നും അൎത്ഥമുണ്ടു്. ആ പക്ഷത്തിൽ ശബ്ദത്തിനു് യഥാൎത്ഥത അനുഗതാൎത്ഥത്വം എന്നപോലെ എന്നും അൎത്ഥം കൽപിക്കാം.

൫൬. വാഗധീശൻ=വാഗ്മി (ബൃഹസ്പതിതുല്യൻ എന്നു സാരം)

൫൭. ഗജാബ്ദം=ഗജമാകുന്ന മേഘം. വിട........നാഗം=വൃക്ഷശാഖകളാൽ മറയ്ക്കപ്പെട്ട പെരുമ്പുലികളോടും സൎപ്പങ്ങളോടും ആനകളോടും കൂടിയിരിക്കുന്നതു്. നഗം=പൎവതം (വൃക്ഷം എന്നും) അൽപ........ലം=അൽപശാഖകളാൽ നിബിഡം.

൫൮. പക്ഷമൂലം=ചിറകിൻചോടു്. പത്രം = ചിറകു്.

൫൯. ദ്രുതി=ശീഘ്രഗമനം. അവ........കനം=നോക്കുന്നവരുടെ കാഴ്ച. തനു........ധാര=ദേഹകാന്തിപ്രവാഹം. പതഗം=പക്ഷി. നികഷാശ്മം=ഉരക്കുവാനുള്ള ചാണക്കല്ലു്. പക്ഷഹേമം=ചിറകാകുന്ന സ്വൎണ്ണം.

൬൦ പതഗാവലി=അന്യപക്ഷിവൎഗ്ഗം. ശ്യേന........തം=പരുന്തിന്റെ നിപതനം. സ്യദ ധാൽ........വീഥി=വേഗതകൊണ്ടു് ധാം എന്ന ശബ്ദത്തെ ഉണ്ടാക്കുന്ന ഗമനമാൎഗ്ഗത്തോടുകൂടിയതു്. തൽഗതി=ആ അരയന്നത്തിന്റെ ഗതി.

൬൧. ഭീമ........വിതാ=ഭീമരാജാവിനാൽ ഭുജശക്തികൊണ്ടു രക്ഷിക്കപ്പെടുന്നതു്.

൬൨. മഹിളാപ്ലവനം=സുന്ദരിമാരുടെ സ്നാനം. ഭൂരി...........യം=ഏറ്റവും കലങ്ങിയതു്. ഗൃഹി........നി=ആ ഗൃഹമുള്ള സ്ത്രീ.

൬൩. നിജ........പട്ടം=തന്റെ കോട്ടകളാകുന്ന യോഗമുദ്രയോടുകൂടിയതു്. (യോഗപട്ടം പോലെയുള്ള കോട്ടകളോടുകൂടിയതെന്നും) തൽപുരി ഇവിടെ കൎത്തൃപാദമാകുന്നു.

൯൯. പരി........ടം=കിടങ്ങു് എന്ന വ്യാജേന. പ്രതി....ലംബം=പ്രതിബിംബത്താൽ അനവലംബം. ഹ്രദം=കയം. നാകം=സ്വർഗ്ഗം.

൱൧. അടിയോടിടമേൽ=താഴയും മദ്ധ്യത്തിലും മുകളിലും. മുപ്പാർ=മൂന്നു ലോകം. നിജാങ്കം=തന്റെ തന്റെ ചിഹ്നം. ക്ഷിതി........ശ്രീ=പാതാളത്തിന്റെയും ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും ശോഭ.

൱൨. അംബു........ഭാവം=മേഘങ്ങളെക്കൊണ്ടു (മേഘങ്ങളെപ്പോലെ എന്നും) കറുത്തിരിക്കുന്ന കണ്ഠപ്രദേശത്തോടുകൂടിയതാവു എന്നുള്ളതു്; അത്യ... ..ലാംഗം=ഏററവും നിർമ്മലമായ സുധ (കുമ്മായം—അമൃതം പോലെ) കൊണ്ടു പ്രകാശിച്ചിരിക്കുന്ന അംഗം; ഇന്ദുശേഖരത്വം=ഔന്നത്യംകൊണ്ടു് ചന്ദ്രനെ ശിരസ്സിൽ ധരിക്കുന്നവസ്ഥ; (ശിവത്വം എന്നും)

൱൩. അദരം=അനൽപം. ബഹു........ന്ദുക്കൾ=പല രൂപത്തിലുള്ള സാലഭഞ്ജികകളുടെ സമൂഹത്തിന്റെ മുഖചന്ദ്രന്മാർ. അനേക........ഹങ്ങൾ=അനേകസൗധങ്ങളുടെ കണ്ഠത്തിലുള്ള സിംഹങ്ങൾ.

൱൪. ബലിസത്മദിവം=പാതാളമാകുന്ന സ്വർഗ്ഗം. ത്രിവി....സ്ഥിതം=രമണീയതകൊണ്ടു് സ്വർഗ്ഗത്തെക്കാൾ ഉന്നതം. (പാതാളം സ്വർഗ്ഗത്തെക്കാൾ ഉന്നതമെന്നു് വിഷ്ണുപുരാണത്തിൽ നാരദവചനം) അധരീകരിക്കുക=താഴ്ത്തുക.

൱൫. വറ=സക്തു. കാർനിര=മേഘസമൂഹം.

൱൬. അങ്കാഗത=അങ്കത്തിൽനിന്നു് ആഗത. മാനിനി=കോപമുള്ളവൾ. കവാടഛദം=വാതിലാകുന്ന ചിറകു്. അവിടെയുള്ള സ്വർണ്ണക്കോട്ടകൾ മേരുവിനോടും രാജധാനി സ്വർഗ്ഗത്തോടും രത്നകവാടങ്ങൾ മേരുവിന്റെ ചിറകിനോടും തുല്യങ്ങളെന്നർത്ഥം.

൱൭. അർക്കോ........പ്രങ്ങൾ=സൂര്യകാന്തക്കോട്ടകൾ; ബാണാസുരന്റെ രാജധാനി അഗ്നിപരിവൃതമെന്നു പ്രസിദ്ധി. അല—നിദർശനം.

൮൮. പരൽ=കവിടി. ഘനസാരം=കർപ്പൂരം.

൮൯. ഉല്ല.........ട്ടിമം=ശോഭിക്കുന്ന ഉപരിഗൃഹങ്ങളുടെ തിണ്ണ. സാധ്വീനില=പതിവ്രതാവസ്ഥിതി.

൯൦. ഏണനാഭി=കസ്തൂരി. പണിതാവു്=വില്ക്കുന്നവൻ.

൯൧. രവി.................ർഗ്ഗ=സൂൎയ്യകാന്തങ്ങൾകൊണ്ടുണ്ടാക്കീട്ടുള്ള വഴി.

൯൨. പയസ്സ്=വെള്ളം. ശിശിരം=തണുത്തതു്. ചന്ദ്ര........ മാർഗ്ഗം=ചന്ദ്രകാന്തക്കല്ലുകൾകൊണ്ടുണ്ടാക്കീട്ടുള്ള വഴി. തപം=ഗ്രീഷ്മകാലം.

൯൩. പരാ.........പ്യം=അന്യന്മാൎക്കു (ശത്രുക്കൾക്കു എന്നും) പ്രാപിക്കാൻ കഴിയാത്തതു്. പാത........മാനം=പതഞ്ജലിയുടെ ഭാഷ്യഗ്രന്ഥത്തിൽ പറയപ്പെട്ട കുണ്ഡലീഗ്രന്ഥത്തിനു തുല്യം.

൧൦൪. വളഭി........ഭി=മുകപ്പുകളിൽ ശോഭിക്കുന്നതു്. വലയാ........ബര=വലയാകൃതിയിലുള്ള അനന്തനിൽ ശയിക്കുന്ന പീതാംബരൻ (മഞ്ഞപ്പട്ടുടുത്ത വിഷ്ണു)

൧൦൫. ശുചി=പരിശുദ്ധം. ഗാധേയൻ=വിശ്വാമിത്രൻ.

൧൦൬. ഭ്രമരിതഭാസ്സ്=വണ്ടിനെപ്പോലെയുള്ള ശോഭ. ശമ.... ശ്രുത=കാളിന്ദിയുടെ ബാല്യാവസ്ഥ.

൧൦൭. കാന്തിശഷ്പം=കാന്തിയാകുന്ന പുല്ലു്.

൧൦൮. ശശി........ക്ലപ്തം=ചന്ദ്രകാന്തങ്ങൾകൊണ്ടു നിൎമ്മിതം. കുശാ........വ്ഹത=അധികമായ വെള്ളംകൊണ്ടു നനയ്ക്കുക എന്ന ഭാരത്തെ വഹിക്കുന്നതു്. വന്ധ്യം=നിഷ്ഫലം. ഖഗമനം=അരയന്നത്തിന്റെ മനസ്സ്.

൧൦൯ വിധുപരിധി=ചന്ദ്രന്റെ പരിവേഷം. മണ്ഡലീഭാവം=വട്ടത്തിൽ പരക്കുക എന്നവസ്ഥ.

രണ്ടാംസൎഗ്ഗത്തിന്റെ വ്യാഖ്യാനം കഴിഞ്ഞു.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA2 Acc. No. 127159

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

MA2 12459

PUR.B

ചുങ്ങമോത്താൻ നമ്പൂതിരി

ദൃഷ്ടാന്തസംഗ്രഹം